بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ نَحْمَدُهٗ وَنُصَلِّيْ عَلٰى رَسُوْلِهِ الْكَرِيْمِ وَعَلٰى عَبْدِهِ الْمَسِيْحِ الْمَوْعُوْدِ

وَلَقَدْ نَصَرَكُمُ اللّٰهُ بِبَدْرٍ وَّاَنْتُمْ اَذِلَّةٌ

വാല്യം 2

ലക്കം 8

# ബദര്‍

വീക്കിലി ഖാദിയാന്‍

The weekly **BADAR** Qadian Malayalam

വാര്‍ഷിക വരിസംഖ്യ 300 രൂപ

പത്രാധിപര്‍ എച്ച്.ശംസുദ്ദീന്‍

സഹപത്രാധിപര്‍ മുഹമ്മദ് ഇസ്മായീല്‍

www.akhbarbadrqadian.in

2017 ഫെബ്രുവരി 23/ഹി:ശം:1396 തബ്‌ലീഗ് 23/ഹി:ഖ: 1438 ജ:അവ്വല്‍ 25

## അഹ്മദിയ്യാ വാര്‍ത്ത

അല്‍ഹംദുലില്ലാഹ്. സയ്യിദുനാ അമീറുല്‍ മുഅ്മിനീന്‍ ഹദ്റത്ത് മിര്‍സാ മസ്റൂര്‍ അഹ്മദ് ഖലീഫത്തുല്‍മസീഹ് അല്‍ഖാമിസ് അയ്യദഹുല്ലാഹ് അല്ലാഹുവിന്റെ അനുഗ്രഹത്താല്‍ സുഖത്തിലും ക്ഷേമത്തിലുമാണ്. അമീറുല്‍ മുഅ്മിനീന്‍ 20-01-2017ന് മസ്ജിദ് ബയ്ത്തുല്‍ ഫുതൂഹ് മോര്‍ഡന്‍, ലണ്ടനില്‍ ജുമുഅ ഖുത്വ്ബ നിര്‍വഹിച്ചു. അതിന്റെ പൂര്‍ണരൂപം ഈ ലക്കം 3-ാം പേജില്‍ വായിക്കുക. സ്നേഹിതന്മാര്‍ ഹുദൂര്‍ അന്‍വറിന്റെ ആരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ദീര്‍ഘായുസ്സിനും ഉന്നതലക്ഷ്യങ്ങളില്‍ വിജയം വരിക്കുന്നതിനും പ്രത്യേകമായ കാവലുണ്ടാകുന്നതിനും ദുആ ചെയ്തുകൊണ്ടേ ഇരിക്കുക. അല്ലാഹു എപ്പോഴും ഹുദൂര്‍ അന്‍വറിന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. സഹായവും തുണയും നല്കുമാറാകട്ടെ. ആമീന്‍. അല്ലാഹുമ്മ അയ്യിദ് ഇമാമനാ ബി റൂഹില്‍ ഖുദുസ് വ ബാരിക്ലനാ ഫീ ഉംരിഹീ വ അംരി ഹീ.

**ഈ നബി നമ്മുടെമേല്‍ കറ്റുകെട്ടിപ്പറഞ്ഞാല്‍ നാം അദ്ദേഹത്തെ വലതുകൈകൊണ്ടു പിടിക്കുകയും അദ്ദേഹത്തിന്റെ ജീവനാഡി അറുത്തുകളയുകയും ചെയ്യുമായിരുന്നു.**

**നബി(സ)തിരുമേനി കറ്റുകെട്ടി പറഞ്ഞാല്‍ അദ്ദേഹം നശിപ്പിക്കപ്പെടുമെന്നും എല്ലാ പ്രവൃത്തിയും തകര്‍ന്നുപോകുമെന്നും എന്നാല്‍, മറ്റാരെങ്കിലും കറ്റുകെട്ടിപ്പറഞ്ഞാല്‍ അല്ലാഹു വെറുക്കുകയില്ലെന്നും മറിച്ച് അവനെ സ്നേഹിക്കുമെന്നുമുള്ളത് എന്തു തെളിവാണ്.**

**അല്ലാഹു തന്റെ കരുണയും ദയയുംകൊണ്ട് എന്നോടു പെരുമാറി. എത്രത്തോളമെന്നാല്‍ ഈ സുദീര്‍ഘമായ കാലത്തിന്നിടയില്‍' എന്റെ എല്ലാ ഓരോ ദിവസവും എനിക്ക് അഭിവൃദ്ധിയുടേതായിരുന്നു. ഈ ദീര്‍ഘ കാലത്തിനും ഈ തുണയ്ക്കും സഹായത്തിനും നിങ്ങളുടെ പക്കല്‍ തെളിവുണ്ടെങ്കില്‍ സമര്‍പിക്കുക.**

## സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങള്‍

18-ാമത്തെ അടയാളം അല്ലാഹുവിന്റെ ഈ വാക്യമാണ്. വലൗ തഖവ്വല അലയ്നാ ബഅ്ളല്‍ അഖാവീല്‍ ലഅഖദ്നാ മിന്‍ഹു ബില്‍യമീന്‍ ഥുമ്മ ലഖത്വഅ്നാ മിന്‍ഹുല്‍വത്തീന്‍ അതായത് ഈ നബി നമ്മുടെമേല്‍ കറ്റുകെട്ടിപ്പറഞ്ഞാല്‍ നാം അദ്ദേഹത്തെ വലതുകൈകൊണ്ടു പിടിക്കുകയും അദ്ദേഹത്തിന്റെ ജീവനാഡി അറുത്തുകളയുകയും ചെയ്യുമായിരുന്നു.(69:45-47) ഈ വചനം നബി(സ)തിരുമേനിയെ കുറിച്ച് ഇറങ്ങിയതാണെങ്കിലും അതിന്റെ അര്‍ഥത്തില്‍ പൊതുവായ തത്ത്വമുണ്ട്; വിശുദ്ധ ഖുര്‍ആനില്‍ എല്ലായിടത്തും പൊതുവായൊരു ശൈലിയുള്ളതുപോലെ. ബാഹ്യമായി നോക്കുമ്പോള്‍ വിധിവിലക്കുകളില്‍ മിക്കയിടത്തും നബി(സ) തിരുമേനിയായിരിക്കും സംബോധിതന്‍. പക്ഷേ, ആ കല്പനകളില്‍ മറ്റുള്ളവരും പങ്കാളിയായിരിക്കും. അല്ലെങ്കില്‍ ആ കല്പന മറ്റുള്ളവര്‍ക്കുവേണ്ടി മാത്രമായിരിക്കും. ഫലാ തഖുല്ലഹുമാ ഉഫ്ഫിന്‍ വലാ തന്‍ഹര്‍ ഹുമാ വ ഖുല്ലഹുമാ ഖൗലന്‍ കരീമാ എന്ന വചനംപോലെ. അതായത് നിങ്ങളുടെ മാതാപിതാക്കളോടു വെറുപ്പുണ്ടാക്കുന്ന വാക്യങ്ങളും അവരുടെ ആദരവിന് കോട്ടംതട്ടുന്ന കാര്യങ്ങളും പറയരുത്. ഈ വചനത്തിന്റെ സംബോധിതന്‍ നബി(സ) തിരുമേനിയാണ്. വാസ്തവത്തില്‍ ആ വാക്യം മടങ്ങുന്നത് സമുദായത്തിലേക്കാണ്. കാരണം നബി(സ)തിരുമേനിയുടെ പിതാവും മാതാവും ആ മഹാത്മാവിന്റെ ചെറുപ്രായത്തില്‍ത്തന്നെ വഫാത്തായിരുന്നു. ഈ കല്പനയിലുള്ള ഒരു രഹസ്യമുണ്ട്. അത് ഇതാണ്: ഈ വചനത്തില്‍നിന്ന് ഒരു ബുദ്ധിമാന് മനസ്സിലാക്കാന്‍ കഴിയും നബി(സ)തിരുമേനിയെ സംബോധന ചെയ്ത്, നീ നിന്റെ മാതാപിതാക്കളെ ആദരിക്കാനും സംസാരത്തിലും നടപ്പിലുമെല്ലാം അവരുടെ മഹത്തായ സ്ഥാനത്തെ പരിഗണിക്കാനും പറയുമ്പോള്‍ മറ്റുള്ളവര്‍ തങ്ങളുടെ മാതാപിതാക്കളോടു എത്രമാത്രം ബഹുമാനത്തോടെ പെരുമാറേണ്ടതാണെന്ന്. അതിലേക്കാണ് ഈ രണ്ടാമത്തെ വചനം സൂചന നല്കുന്നത്. വഖളാ റബ്ബുക്ക അല്ലാ തഅ്ബുദൂ ഇല്ലാ ഇയ്യാഹു വ ബില്‍ വാലിദയ്നി ഇഹ്സാനാ നിന്റെ റബ്ബ് ആഗ്രഹിക്കുന്നത് നീ അവനെ മാത്രം ആരാധിക്കണമെന്നും നിന്റെ മാതാപിതാക്കളോടു നല്ല രീതിയില്‍ പെരുമാറണമെന്നുമാണ്. ഈ ആയത്തില്‍ ബിംബങ്ങള്‍ ഒരു വസ്തുവുമല്ലെന്നും നിങ്ങളുടെമേല്‍ ബിംബങ്ങളുടെ ഒരു ഔദാര്യവുമില്ലെന്നും ബിംബാരാധകര്‍ക്ക് മനസ്സിലാക്കിക്കൊടുക്കുകയാണ്. ബിംബങ്ങള്‍ നിങ്ങളെ സൃഷ്ടിച്ചിട്ടില്ല. നിങ്ങളുടെ കുട്ടിക്കാലത്ത് നിങ്ങളെ സംരക്ഷിക്കുന്നവയായിരുന്നില്ല. തന്നോടൊപ്പം ആരെയെങ്കിലും ആരാധിക്കുക എന്നത് ദൈവം ഇഷ്ടപ്പെടുമായിരുന്നെങ്കില്‍ മാതാപിതാക്കളെ ആരാധിക്കാന്‍ അവന്‍ കല്പിക്കുമായിരുന്നു. കാരണം അവരും ആലങ്കാരികമായ നിലയില്‍ നിങ്ങളുടെ റബ്ബ് അഥവാ രക്ഷിതാവാണ്. എല്ലാവരും സ്വാഭാവികമായി എത്രത്തോളമെന്നാല്‍ പക്ഷിമൃഗാദികള്‍പോലും തങ്ങളുടെ കുഞ്ഞുങ്ങള്‍ നഷ്ടപ്പെട്ടുപോകുന്നതില്‍നിന്ന് അവരുടെ കുട്ടിക്കാലത്ത് കാത്തുസൂക്ഷിക്കാറുണ്ട്. അതിനാല്‍ ദൈവത്തിന്റെ പരിപാലനത്തിനുശേഷം ഇവര്‍ക്കും ഒരു പരിപാലനമുണ്ട്. ആ പരിപാലനത്തിന്റെ ആവേശവും ദൈവത്തില്‍നിന്നുള്ളതാണ്.

ഈ ജുംലമുഅ്തരിളായ്ക്കുശേഷം വീണ്ടും നാം യഥാര്‍ഥ വിഷയത്തിലേക്ക് മടങ്ങിക്കൊണ്ടു പറയട്ടെ. നബി(സ)തിരുമേനിയെ സംബന്ധിച്ച് അദ്ദേഹം തന്റെ പേരില്‍ കറ്റുകെട്ടി പറഞ്ഞിരുന്നെങ്കില്‍ നാം അദ്ദേഹത്തെ നശിപ്പിച്ചുകളയുമായിരുന്നുവെന്ന് പറഞ്ഞതുകൊണ്ടുള്ള ഉദ്ദേശ്യം വെറും നബി(സ)തിരുമേനിയെ മാത്രം നശിപ്പിക്കുമെന്നും മറ്റുള്ളവര്‍ അങ്ങനെചെയ്താല്‍ നശിപ്പിക്കുക ഇല്ലെന്നുമല്ല. മറ്റുള്ളവര്‍ അല്ലാഹുവില്‍ എത്രമാത്രം കറ്റുകെട്ടി പറഞ്ഞാലും തന്റെ പേരില്‍ കള്ള ഇല്‍ഹാമുണ്ടാക്കി പ്പറഞ്ഞാലും അല്ലാഹുവിന്റെ ആത്മാഭിമാനം രോഷംകൊള്ളുകയില്ല എന്നല്ല. ഈ ചിന്താഗതി ബുദ്ധിപരമല്ലാത്തതുപോലെതന്നെ എല്ലാ ദൈവഗ്രന്ഥങ്ങള്‍ക്കും വിരുദ്ധവുമാണ്. ആരാണോ ദൈവത്തിന്റെ പേരില്‍ കറ്റുകെട്ടി പറയുന്നത്, കള്ളനുബുവ്വത്ത് വാദിക്കുന്നത് അവന്‍ നശിപ്പിക്കപ്പെടുമെന്ന വാക്യം ഇപ്പോഴും തൗറാത്തിലുമുണ്ട്. ഇതിനു പുറമെ ഇസ്ലാമിലെ ഉലമാ ലൗ തഖവ്വല അലയ്നാ എന്ന ആയത്ത് നബി(സ)തിരുമേനിയുടെ സത്യത്തിനുള്ള തെളിവായി ക്രിസ്ത്യാനികളുടേയും യഹൂദികളുടേയും മുമ്പില്‍ സമര്‍പിച്ചുകൊണ്ടിരിക്കുകയും ചെയ്തു. ഏതുകാര്യത്തിലാണെങ്കിലും പൊതുനിയമമില്ലെങ്കില്‍ അത് തെളിവായിപ്രയോജനപ്പെടുകയില്ലെന്നത് വ്യക്തമാണ്. നബി(സ)തിരുമേനി കറ്റുകെട്ടി പറഞ്ഞാല്‍ അദ്ദേഹം നശിപ്പിക്കപ്പെടുമെന്നും എല്ലാ പ്രവൃത്തിയും തകര്‍ന്നുപോകുമെന്നും എന്നാല്‍, മറ്റാരെങ്കിലും കറ്റുകെട്ടി പ്പറഞ്ഞാല്‍ അല്ലാഹു വെറുക്കുകയില്ലെന്നും മറിച്ച് അവനെ സ്നേഹിക്കുമെന്നും അവന് നബി(സ)തിരുമേനിയെക്കാള്‍ ദീര്‍ഘായുസ് നല്കുമെന്നും അവനെ സഹായിക്കുകയും പിന്തുണയ്ക്കുകയും ചെയ്യുമെന്നും പറയുന്നതിനെ തെളിവെന്ന് പറയാന്‍ പറ്റുകയില്ല. അതൊരു വെറും വാദമാണ്. അതിനുതന്നെയും തെളിവിന്റെ ആവശ്യമുണ്ട്. അഹോ കഷ്ടം! എന്നോടുള്ള ശത്രുതയില്‍ ഇവരുടെ അവസ്ഥ എവിടംവരെ എത്തിയിരിക്കുന്നു! നബി(സ)തിരുമേനിയുടെ സത്യത്തിനുള്ള തെളിവിനുമേലും ആക്രമണം നടത്താന്‍ തുടങ്ങിയിരിക്കുന്നു. കാരണം വഹ്‌യും ഇല്‍ഹാമും ഉണ്ടാകാന്‍ തുടങ്ങിയിട്ട് 25 വര്‍ഷം കഴിഞ്ഞിരിക്കുന്നുവെന്നുള്ള എന്റെ വാദം ഇവര്‍ക്ക് അറിയാവുന്നതാണ്. അതായത് നബി(സ)തിരുമേനിയുടെ നിയോഗകാലത്തെ

(ശേഷം പേജ് 7ല്‍)

പ്രിന്റര്‍ & പബ്ലിഷര്‍ ജമീല്‍ അഹ്മദ് നാസിര്‍, ഫദ്‌ലെ ഉമര്‍ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനില്‍ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദര്‍ പത്ര ഓഫീസില്‍ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റര്‍ നിഗ്‌റാന്‍ ബദര്‍ ബോര്‍ഡ്,ഖാദിയാന്‍

# സ്വലാത്തിന്റെ പ്രാധാന്യവും മഹത്ത്വവും

വിശുദ്ധ ഖുര്‍ആനില്‍ 33-ാം അധ്യായമായ അഹ് സാബില്‍ അല്ലാഹു പറയുന്നു:

*'ഇന്നല്ലാഹ വ മലാഇക്കത്തഹൂ യുസല്ലൂന അല ന്നബിയ്യ് യാ അയ്യുഹല്ലദീന ആമനൂ സല്ലൂ അലയ് ഹി വ സല്ലിമൂ തസ്‌ലീമാ'അല്ലാഹുമ്മ സ്വല്ലി അലാ മുഹമ്മദിന്‍ വ ആലി മുഹമ്മദ്.*

അല്ലാഹുവും അവന്റെ മലക്കുകളും നബിക്ക് അനുഗ്രഹങ്ങള്‍ ആശംസിക്കുന്നു. വിശ്വാസികളേ! അദ്ദേഹത്തിന് അനുഗ്രഹവും ശാന്തിയും സമാധാനവും ലഭിക്കാന്‍വേണ്ടി നിങ്ങളും പ്രാര്‍ഥിക്കുവിന്‍.

ഇവിടെ പറഞ്ഞ 'സ്വലാത്ത്' എന്ന വാക്കിന് പ്രാര്‍ഥന, അനുഗ്രഹം, കരുണ എന്നെല്ലാമാണ് അര്‍ഥം. അല്ലാഹുവിനെ സംബന്ധിച്ച് ഈ പദം പ്രയോഗിക്കുമ്പോള്‍ അനുഗ്രഹിക്കുക, കരുണചൊരിയുക എന്നാണ് താല്‍പര്യം. മലക്കുകളെ സംബന്ധിച്ചാകുമ്പോള്‍ നബിയുടെ മേന്മയ്ക്കുവേണ്ടി പ്രാര്‍ഥിക്കുക എന്നാണ് അര്‍ഥം. സത്യവിശ്വാസികളെ സംബന്ധിച്ചാകുമ്പോള്‍ അറിയപ്പെട്ട പ്രത്യേക വാചകങ്ങളില്‍ നബിയുടെമേല്‍ സ്വാലാത്ത് ചൊല്ലുക എന്ന് വിവക്ഷിതം.

പ്രവാചക പ്രഭുവായ നബി(സ)തിരുമേനി മുഴു ലോകത്തിനും കാരുണ്യമായിട്ടാണ് ആഗതനായത്. വമാ അര്‍സല്‍നാക്ക ഇല്ലാ റഹ്മത്തല്ലില്‍ ആലമീന്‍ എന്ന് അല്ലാഹു തന്റെ നബിയെ കുറിച്ച് പറഞ്ഞു. സൂറ ആലു ഇംറാനില്‍ അല്ലാഹു പറഞ്ഞു, ഖുല്‍ ഇന്‍ കുന്‍തും തുഹിബ്ബൂനല്ലാഹ ഫത്തബിഊനീ യുഹ്ബിബ്ക്കുമുല്ലാഹ് നിങ്ങള്‍ അല്ലാഹുവിനെ സ്നേഹിക്കുന്നുവെങ്കില്‍ എന്നെ പിന്തുടരുക. എന്നാല്‍ അല്ലാഹു നിങ്ങളെ സ്നേഹിക്കുന്നതാണ്.

ഈ രണ്ടുവചനങ്ങളും കൂട്ടി വായിക്കുമ്പോള്‍ നബി(സ)തിരുമേനിയുടെ മഹത്തായ സ്ഥാനം നമുക്ക് മനസ്സിലാകുന്നു. നബി(സ)തിരുമേനിക്കുവേണ്ടി നമ്മള്‍ സ്വലാത്ത് ചൊല്ലുന്നത് യഥാര്‍ഥത്തില്‍ നമുക്കുവേണ്ടി തന്നെയാണ്. 'ഫനാഫിര്‍റസൂല്‍' അതായത് നബി(സ)തിരുമേനിയില്‍ പൂര്‍ണമായും നമ്മള്‍ അലിഞ്ഞു ചേര്‍ന്ന് ഇല്ലാതാകണം. അപ്പോഴാണ് നമ്മള്‍ യഥാര്‍ഥത്തില്‍ മുഅ്മിന അഥവാ സത്യ വിശ്വാസിനിയാകുന്നത്. അതിന് ഇസ്‌ലാം ഒരുപാട് കാര്യങ്ങള്‍ നമ്മളോടു പറയുന്നുണ്ട്. അതിലൊന്നാണ് സ്വലാത്ത് ചൊല്ലുക എന്നത്. ''*അല്ലാഹുമ്മ സ്വല്ലി അലാ മുഹമ്മദിന്‍ വ അലാ ആലി മുഹമ്മദിന്‍ കമാ സ്വല്ലയ്ത്ത അലാ ഇബ്റാഹീമ വ അലാ ആലി ഇബ്റാഹീമ ഇന്നക്ക ഹമീദുന്‍മജീദ്. അല്ലാഹുമ്മ ബാരിക് അലാ മുഹമ്മദിന്‍ വ അലാ ആലി മുഹമ്മദിന്‍ കമാ ബാറക് ത്ത അലാ ഇബ്റാഹീം വ അലാ ആലി ഇബ്റാഹീമ ഇന്നക്ക ഹമീദുന്‍മജീദ്''* അല്ലാഹുവേ, ഇബ്റാഹീം നബിക്കും കുടുംബത്തിനും നീ കാരുണ്യം ചെയ്തതുപോലെ മുഹമ്മദിനും(സ) കുടുബത്തിനും നീ കാരുണ്യം ചെയ്യേണമേ. അല്ലാഹുവേ! ഇബ്റാഹീം നബിക്കും കുടുംബത്തിനും നീ അനുഗ്രഹം ചെയ്തതുപോലെ മുഹമ്മദിനും(സ) കുടുബത്തിനും നീ അനുഗ്രഹം ചെയ്യേണമേ.

ഇബ്റാഹീം നബി(അ)യ്ക്ക് അല്ലാഹു നല്കിയ കാരുണ്യവും അനുഗ്രഹവും എന്താണ്? അത് തികച്ചും ആത്മീയമായിരുന്നു. ഭൗതികതയുടെ ചേറ് പുരണ്ടിട്ടില്ലാത്ത നിര്‍മലമായ ആത്മീയാനുഗ്രഹം. അദ്ദേഹത്തിന്റെ പരമ്പരയില്‍ ധാരാളം നബിമാരും വലിയ്യുമാരും അബ്ദാലുകളും ദൈവം സാമീപ്യം പ്രാപിച്ച മറ്റു നിരവധി പുണ്യാത്മാക്കളും ഉണ്ടായി. അവര്‍ അല്ലാഹുവിന്റെ ദീനിനെ പ്രോജ്വലമാക്കി. ഇതുപോലെ നബി(സ)തിരുമേനിയുടെ സമുദായത്തിലും ഒരിക്കലും വറ്റിപ്പോകാത്ത ആത്മീയമായ സ്ഥാനമാനങ്ങള്‍ നിലനിറുത്തേണമേ എന്നുള്ള പ്രാര്‍ഥനയാണ് സ്വാലത്ത്.

ഇതുസംബന്ധമായി ചില തിരുഹദീഥുകള്‍ ഞാന്‍ കേള്‍പ്പിക്കുകയാണ്.

ഹദ്റത്ത് അബ്ദുല്ലാഹ്(റ)നിവേദനം. നബി(സ)തിരുമേനി പറയുന്നത് അദ്ദേഹം കേട്ടു: 'എന്റെപേരില്‍ വല്ലവനും സ്വലാത്ത് ചൊല്ലിയാല്‍ അല്ലാഹു അവനെ 10 പ്രാവശ്യം അനുഗ്രഹിക്കുന്നതാണ്.'(മുസ്‌ലിം)

അബ്ദുല്ലാഹ് ബിന്‍ മസ്ഊദ്(റ)ല്‍നിന്ന് നിവേദനം: നബി(സ)തിരുമേനി പ്രഖ്യാപിച്ചു: "അന്ത്യദിനത്തില്‍ ജനങ്ങളില്‍നിന്ന് എന്നോടു ഏറ്റവും അടുത്തവന്‍ എന്റെ പേരില്‍ ഏറ്റവും കൂടുതല്‍ സ്വലാത്ത് ചെല്ലിയവനാണ്.'(തുര്‍മുദി)

ഔസ്(റ)ല്‍നിന്ന് നിവേദനം: നബി(സ)തിരുമേനി പറഞ്ഞു:'നിങ്ങളുടെ ദിവസങ്ങളില്‍ ഉത്തമം വെള്ളിയാഴ്ച ദിവസമാണ്. അതുകൊണ്ട് നിങ്ങള്‍ ആ ദിവസത്തില്‍ എന്റെ പേരില്‍ ധാരാളം സ്വലാത്തു ചൊല്ലുക. നിശ്ചയം നിങ്ങളുടെ സ്വലാത്ത് എന്റെ മുമ്പില്‍ വെളിവാക്കപ്പെടും.(അതായത് സ്വന്തമായോ മലക്കുകള്‍ വഴിയായോ ഞാന്‍ അത് കേള്‍ക്കും). സ്വഹാബാക്കള്‍ ചോദിച്ചു:'യാ റസൂലല്ലാഹ്! അങ്ങ് മണ്ണായിപ്പോയിരിക്കെ ഞങ്ങളുടെ സ്വലാത്ത് അങ്ങയ്ക്ക് എങ്ങനെ വെളിവാക്കപ്പെടും.' നബി(സ)തിരുമേനി പറഞ്ഞു,'നിശ്ചയം അല്ലാഹു നബിമാരുടെ ശരീരങ്ങള്‍ ഭൂമിക്ക് നിഷിദ്ധമാക്കിയിരിക്കുന്നു.' അതായത് ഭൂമി അവയെ നശിപ്പിക്കുകയോ ദഹിപ്പിക്കുകയോ ചെയ്യുകയില്ല. അവരെന്നും തങ്ങളുടെ ഖബ്റുകളില്‍ ജീവിച്ചിരിക്കുന്നവരാണ്.(അഹ്മദ്)

ഹദ്റത്ത് അബൂഹുറയ്റ(റ)നിവേദനം: നബി(സ) തിരുമേനി പറഞ്ഞു:'എന്നെ പറയപ്പെടുകയും അനന്തരം എന്റെ പേരില്‍ സ്വാലത്ത് ചൊല്ലാതിരിക്കുകയും ചെയ്യുന്നവന്റെ മൂക്ക് മണ്ണോടു ചേരട്ടെ.'(അതായത് അവന്‍ നിന്ദ്യനും നിസ്സാരനുമാകട്ടെ.) (തുര്‍മുദി)

ഹദ്റത്ത് അബൂഹുറയ്റ(റ)നിവേദനം: നബി(സ) തിരുമേനി പറഞ്ഞു:എന്റെ ഖബ്ര്‍ നിങ്ങള്‍ ആഘോഷസ്ഥലമാക്കരുത്. മറിച്ച് നിങ്ങളെനിക്കു സ്വലാത്തു ചൊല്ലണം. നിങ്ങള്‍ എവിടെയായിരുന്നാലും നിങ്ങളുടെ സ്വലാത്ത് എനിക്കെത്തുന്നതാണ്.'(അഹ്മദ്)

ഹദ്റത്ത് അബൂഹുറയ്റ(റ)നിവേദനം: നബി(സ) തിരുമേനി പറഞ്ഞു:'എന്റെപേരില്‍ ആരും സ്വലാത്തു ചൊല്ലുകയില്ല:എന്റെ റൂഹ് എനിക്ക് അല്ലാഹു മടക്കിത്തരികയും ഞാന്‍ സലാം മടക്കുകയും ചെയ്തിട്ടല്ലാതെ.'(അഹ്മദ്)

ഹദ്റത്ത് അലി(റ)യില്‍നിന്ന് നിവേദനം: നബി(സ) തിരുമേനി പറഞ്ഞു:'എന്നെ പറയപ്പെടുകയും എന്റെ പേരില്‍ സ്വലാത്ത് ചൊല്ലാതിരിക്കുകയും ചെയ്തവനാണ് സത്യത്തില്‍ പിശുക്കന്‍.(അതായത് തനിക്ക് നിര്‍ബന്ധമായ സ്വലാത്ത് ചൊല്ലിക്കൊണ്ട് ബാദ്ധ്യത നിറവേറ്റാത്തതുമൂലം തനിക്ക് ലഭിക്കേണ്ട മഹത്തായ നേട്ടങ്ങള്‍ പലതും അവന് കിട്ടാതെ വരുന്നതാണ്.) (തുര്‍മുദി)

ഫളാല ബിന്‍ ഉബയ്ദ്(റ)ല്‍നിന്ന് നിവേദനം. അല്ലാഹുവിനെ സ്തുതിക്കുകയോ നബി(സ)തിരുമേനിയുടെമേല്‍ സ്വലാത്തു ചൊല്ലുകയോ ചെയ്യാതെ നമസ്കാരത്തില്‍ പ്രാര്‍ഥിക്കുന്ന ഒരാളെ നബി(സ) തിരുമേനി കേട്ടു. അന്നേരം നബി(സ)തിരുമേനി പറഞ്ഞു,'ഇയാള്‍(പ്രാര്‍ഥനയ്ക്കു മുമ്പേ അല്ലാഹുവിനെ സ്തുതിക്കാതെയും സ്വലാത്ത് ചൊല്ലാതെയും) ധിറുതി കാണിച്ചു.' പിന്നീട് അവിടന്ന് അയാളെ വിളിച്ചിട്ട് അയാളോടും മറ്റുള്ളവരോടും പറഞ്ഞു,'നിങ്ങളിലാരെങ്കിലും പ്രാര്‍ഥിക്കുകയാണെങ്കില്‍ തന്റെ റബ്ബിനെ ആദ്യമായി സ്തുതിക്കുകയും നബിയുടെമേല്‍ സ്വലാത്തു ചൊല്ലുകയും ചെയ്തുകൊള്ളട്ടെ. എന്നിട്ടായിരിക്കണം അവന്‍ പ്രാര്‍ഥിക്കേണ്ടത്.' (അഹ്മദ്, തുര്‍മുദി)

നബി(സ)തിരുമേനിയെ സ്നേഹിക്കുകയും ആ മഹാത്മാവിനുമേല്‍ സ്വലാത്ത് ചൊല്ലുകയും ചെയ്തതിന്റെ ഫലമായി എങ്ങനെയാണ് അല്ലാഹു, തന്നെ സ്നേഹിച്ചതെന്ന് ഇക്കാലത്ത് അല്ലാഹു നിയോഗിച്ച വാഗ്ദത്ത മസീഹും മഹ്ദിയുമായ ഹദ്റത്ത് മിര്‍സാ ഗുലാം അഹ്മദ്(അ)ഒരു സംഭവം വിവരിച്ചതിനുശേഷം പറയുന്നു:"ഇതിനുശേഷം എനിക്ക് *'സ്വല്ലി അലാ മുഹമ്മദിന്‍ വ ആലി മുഹമ്മദിന്‍ സയ്യിദു വുല്‍ദെ ആദമ വ ഖാത്തമന്നബിയ്യീന്‍'*എന്ന ഇല്‍ഹാമുണ്ടായി. മുഹമ്മദിന്റേയും മുഹമ്മദിന്റെ കുടുംബാദികളുടേയുംമേല്‍ സ്വലാത്ത് ചൊല്ലുക. ആ മഹാത്മാവ് ആദം സന്തതികളുടെ നേതാവും ഖാത്തമുന്നബിയ്യീനുമാണ്. സ്വല്ലല്ലാഹു അലയ്ഹിവസല്ലം.

ഈ എല്ലാ പദവികളും അനുഗ്രഹങ്ങളും കാരുണ്യങ്ങളും നബി(സ)തിരുമേനിയുടെ മാര്‍ഗം മുഖേന ലഭിച്ചിട്ടുള്ളതും ആ മഹാത്മാവിനെ സ്നേഹിച്ചതിന്റെ വേതനവുമാണ്. സുബ്ഹാനല്ലാഹ്. ദൈവിക സവിധത്തില്‍ സൃഷ്ടികളുടെ നേതാവിന് എത്ര മാത്രം ഉന്നത പദവികളാണുള്ളത്. ഏതുരീതിയിലുള്ള സാമീപ്യമാണുള്ളത്. നബി(സ)തിരുമേനിയെ സ്നേഹിക്കുന്നവന്‍, അല്ലാഹുവിന്റെ പ്രേമഭാജനമായിത്തീരുന്നു. നബി(സ)തിരുമേനിയുടെ സേവകന്‍ ലോകത്തിന്റെ നേതാവായിത്തീരുന്നു.

ഈ സ്ഥാനത്ത് എനിക്കോര്‍മ വന്നു. ഒരു രാത്രി ഈയുള്ളവന്‍ നബി(സ)തിരുമേനിയുടെമേല്‍ വളരെയധികം സ്വലാത്ത് ചൊല്ലി. എത്രത്തോളമെന്നാല്‍ ദേഹവും ദേഹിയും അതുമുഖേന സൗരഭ്യമുള്ളതായിത്തീര്‍ന്നു. നിര്‍മലമായ ജലത്തിന്റെ രൂപത്തില്‍ പ്രകാശത്തിന്റെ നിറകുടങ്ങള്‍ ഈ സാധുവിന്റെ വീട്ടില്‍ കൊണ്ടുവരുന്നതായി ആ രാത്രിയില്‍ സ്വപ്നം കണ്ടു. താങ്കള്‍ മുഹമ്മദിലേക്ക് അയച്ച സ്വലാത്തിന്റെ അനുഗ്രഹമാണിതെന്ന് അവരിലൊരാള്‍ പറഞ്ഞു.

അപ്രകാരംതന്നെ വിസ്മയകരമായ മറ്റൊരു സംഭവവും ഓര്‍മ വന്നു. ഒരിക്കല്‍ ഇല്‍ഹാമുണ്ടായി. അതിന്റെ അര്‍ഥം ഇപ്രകാരമാണ്. മലഉല്‍ അഅ്‌ലായിലെ അതായത് പരമോന്നത ദിവ്യ സഭയിലെ ആളുകള്‍ അഭിപ്രായ ഭിന്നതയിലാണ്. അതായത് അല്ലാഹുവിന്റെ തീരുമാനം ദീനിനെ ജീവിപ്പിക്കുന്നതിന് അഭിനിവേശത്തിലാണുള്ളത്. എന്നാല്‍, ആരാണ് ദീനിനെ ജീവിപ്പിക്കുന്നതെന്ന് അവിടെ വ്യക്തമാക്കപ്പെട്ടില്ല. അതുകൊണ്ട് അവര്‍ ഭിന്നാഭിപ്രായത്തിലാണുള്ളത്. ആ നേരത്ത് ജനങ്ങള്‍ ദീനിനെ ജീവിപ്പിക്കുന്ന ഒരാളെ തിരഞ്ഞു നടക്കുന്നതായി സ്വപ്നത്തില്‍ ഞാന്‍ കണ്ടു. ഒരാള്‍ എന്റെയടുത്തുവന്ന് എന്നെ ചൂണ്ടിക്കൊണ്ട് പറഞ്ഞു, *'ഹാദാ റജ്‌ലുന്‍ യുഹിബ്ബു റസൂലല്ലാഹി'* നബി(സ)തിരുമേനിയെ സ്നേഹിക്കുന്ന മനുഷ്യന്‍ ഇദ്ദേഹമാണ്. ഈ വാക്യത്തിന്റെ ഉദ്ദേശ്യം ഈ സ്ഥാനം പ്രാപിക്കുന്നതിനുള്ള ഏറ്റവും വലിയ നിബന്ധന നബി(സ)തിരുമേനിയോടുള്ള സ്നേഹമാണ് എന്നതാകുന്നു. അതായത് ദീനിനെ ജീവിപ്പിക്കുന്ന ആള്‍ക്കു വേണ്ടുന്ന നിബന്ധന നബി(സ)തിരുമേനിയോടുള്ള സ്നേഹം അയാളുടെ മനസ്സിലുണ്ടായിരിക്കണമെന്നതാണ്. അത് ഈ മനുഷ്യനിലുണ്ടെന്നാണ് അവര്‍ പറഞ്ഞത്.

ഇതുപോലെതന്നെ മുകളില്‍ പറഞ്ഞ ഇല്‍ഹാമില്‍ നബി(സ)തിരുമേനിയുടെ കുടുംബത്തിനുമേലും സ്വലാത്ത് ചൊല്ലാന്‍ കല്പനയുണ്ട്. അതിലുള്ള രഹസ്യം ദൈവികപ്രഭയില്‍ അഭിവൃദ്ധിയുണ്ടാകുന്നതിന് നബി(സ)തിരുമേനിയേയും കുടുംബത്തേയും ആദരവോടെ സ്നേഹിക്കുക എന്നതാണ്. അതായത് അല്ലാഹുവിന്റെ അനുഗ്രഹം കരസ്ഥമാക്കുന്നതിന് നബി(സ)തിരുമേനിയോടും ആ മഹാത്മാവിന്റെ കുടുംബത്തോടും സ്നേഹം ഉണ്ടാകേണ്ടതാണ്.

കഴിഞ്ഞ 1400 വര്‍ഷത്തിലേറെയായുള്ള കോടിക്കണക്കിന് പുണ്യാത്മാക്കളുടെ സ്വലാത്തിന്റെ ഫലമായാണ് അല്ലാഹു ഇന്ന് ഒരു ആത്മീയഗുരുവിനെ ലോകത്തിന് പ്രദാനം ചെയ്തത്. ഇബ്റാഹീം നബി(അ)ന്റെ പരമ്പരയില്‍ ആത്മീയ നേതൃത്വം നിലനിന്നതുപോലെ ഇവിടേയും അത് നിലനില്ക്കേണ്ടതുണ്ടായിരുന്നു. മനുഷ്യകുലം അല്ലാഹുവിനെ കൈവിട്ടെങ്കിലും അവന്‍ മനുഷ്യകുലത്തെ കൈവിട്ടില്ല. അവന്റെ നടപടി ക്രമമനുസരിച്ച് അവന്‍ ആത്മീയ നേതൃത്വം നല്കി മുസ്‌ലിം സമുദായത്തെ എന്നല്ല മുഴുവന്‍ ജനങ്ങളേയും അനുഗ്രഹിച്ചിരിക്കുകയാണ്. ഇതു മനസ്സിലാക്കാനുള്ള സൗഭാഗ്യം അല്ലാഹു ലോകത്തിന് നല്കുമാറാകട്ടെ.

AL ISLAM

# ഖുത്ബ ജുമുഅ

**മുസ്ലീംകൾക്ക് നമസ്കാരം ഫർള് അഥവാ നിർബന്ധമാണെന്ന് നമ്മളിലാരാണ് അറിയാത്തത്. വിശുദ്ധ ഖുർആനിൽ ഒരുപാട് സ്ഥലങ്ങളിൽ നമസ്കാരത്തിന്റെ പ്രാധാന്യം വിവിധ രീതിയിൽ വിശദീകരിച്ചുകൊണ്ട് ഇക്കാര്യത്തിലേക്ക് ശ്രദ്ധ ക്ഷണിച്ചിരിക്കുന്നു. നമസ്കാരം ആരാധനയുടെ മജ്ജയാണെന്ന് നബി(സ)തിരുമേനിയും പറഞ്ഞു. മാതാപിതാക്കൾത്തന്നെ നമസ്കരിക്കാത്തവരാണെങ്കിൽ കുട്ടികളോടു എങ്ങനെ നമസ്കരിക്കാൻ പറയാനാണ്? കുട്ടികൾ തങ്ങളുടെ മീറ്റിംഗുകളിലും അല്ലെങ്കിൽ വിവിധ മാർഗങ്ങൾ മുഖേനയും നബി(സ)തിരുമേനിയുടെ ഹദീഥു കേട്ടാൽത്തന്നെയും വീട്ടിൽ തന്റെ പിതാവിനെ നമസ്കരിക്കാത്തവനായി കണ്ടാൽ അവരിൽ അതെന്തു സ്വാധീനം ചെലുത്താനാണ്?**

**ഇക്കാലഘട്ടത്തിൽ നബി(സ)തിരുമേനിയുടെ സത്യസന്ധനായ ദാസനെ അല്ലാഹു അയച്ചു.**
**ആ മഹാത്മാവ് ആരാധനകളുടേയും നമസ്കാരങ്ങളുടേയും ശരിയായ ഗ്രാഹ്യമുണ്ടാക്കുന്നതിലേക്ക് നമുക്ക് മാർഗദർശനം നല്കി.**

**ഒരു യഥാർഥ മുഅ്മിന് നമസ്കാരം നിർബന്ധമാണെന്നതിൽ സംശയമില്ല. ഇക്കാര്യം അവൻ സ്വയം ശ്രദ്ധിക്കേണ്ടതാണ്. പക്ഷേ, ജമാഅത്തിൽ ഒരു വ്യവസ്ഥിതിയും സ്ഥാപിതമായിട്ടുണ്ട്. ഈ വ്യവസ്ഥിതിയും ഇക്കാര്യങ്ങൾ പറഞ്ഞുകൊണ്ടിരിക്കേണ്ടതാണ്. ഇതിന്റെ യാഥാർഥ്യം വ്യക്തമാക്കിക്കൊണ്ടിരിക്കേണ്ടതാണ്. ഞാൻ മിക്ക ഖുത്ബയിലും ഇക്കാര്യം പറഞ്ഞുകൊണ്ടിരിക്കുന്നുണ്ട്. ഏതെങ്കിലുമൊക്കെ ഉദ്ധരണിയിലൂടെ നമസ്കാരങ്ങളിലേക്ക് ശ്രദ്ധക്ഷണിച്ചുകൊണ്ടിരിക്കുന്നു. പക്ഷേ, അതിനെ പിന്നീട് മുന്നോട്ടു പ്രചരിപ്പിക്കേണ്ടത് മുറബ്ബിമാരുടേയും ജമാഅത്ത് വ്യവസ്ഥിതിയുടേയും ജോലിയാണ്. ജമാഅത്തിലെ ഓരോ അംഗങ്ങൾവരെ നമസ്കാരത്തിന്റെ പ്രാധാന്യം ആവർത്തിച്ചാവർത്തിച്ച് എത്തിക്കേണ്ടതാണ്.**

**നമ്മൾ നമ്മുടെ നമസ്കാരം കാത്തുസൂക്ഷിച്ചുകൊണ്ട് അവയിൽനിന്ന് ആത്മീയ രുചി നുകരുമ്പോഴായിരിക്കും**
**യഥാർഥത്തിൽ നമ്മൾ അഹ്മദികളാണെന്ന കടമ നിറവേറ്റപ്പെടുന്നത്.**

## അവരുടെ ആഗ്രഹം പൂർത്തിയായിക്കഴിഞ്ഞാൽ പ്രയാസങ്ങളിൽനിന്ന് പുറത്തുവന്നാൽ തങ്ങളുടെ നമസ്കാരങ്ങളിൽ, വിനീതമായ ദുആകളിൽ അലസതയുണ്ടാകുന്ന ധാരാളമാളുകളുണ്ട്.

**ഒരു മുഅ്മിനെ സംബന്ധിച്ചിടത്തോളം സമൂഹത്തിന്റെ പൊതുവായിട്ടുള്ള അവസ്ഥകളും വേദനയുണ്ടാക്കുന്നതാകേണ്ടതാണ്. ഈ വേദനയുടെ അവസ്ഥ ഉണ്ടാകുമ്പോൾ ആ വേദനയിൽനിന്ന് ദുആകളുംപുറത്തുവരുന്നു. പാക്കിസ്ഥാനിൽ ജമാഅത്തിന്റെ അവസ്ഥ വളരെ മോശമാണ്. ജമാഅത്തംഗങ്ങൾക്കെതിരെ നാലു ഭാഗത്തുനിന്നും വിദ്വേഷത്തിന്റെ അമ്പുകൾ എയ്തുകൊണ്ടിരിക്കുകയാണ്. വെറുപ്പിന്റേയും പകയുടേയും പ്രകടനം ഉണ്ടായിക്കൊണ്ടിരിക്കുന്നു. മുല്ലാമാരെ ഭയപ്പെട്ടുകൊണ്ടോ അവരുടെ സംസാരങ്ങളിൽനിന്ന് തെറ്റായധാരണ ഉണ്ടാകുന്ന കാരണത്താലോ മുമ്പേ നല്ല ബന്ധമുണ്ടായിരുന്ന അനഹ്മദികൾ ചിലയിടങ്ങളിൽ എതിർപ്പുകളിൽ അതിരു കടന്നുകൊണ്ടിരിക്കുകയാണ്. പൊതുവെ നോക്കുകയാണെങ്കിൽത്തന്നെയും ആ അക്രമങ്ങളുടെ അറ്റം എത്തിക്കഴിഞ്ഞിരിക്കുകയാണ്. ഇത്തരം അവസ്ഥയിൽ പാക്കിസ്താനിലെ എല്ലാ അഹ്മദികളും ആനന്ദവും നിർവൃതിയുമുണ്ടാകുന്ന നമസ്കാരം അനുഷ്ഠിക്കാൻ പരിശ്രമിക്കുന്നതോടൊപ്പം മസ്ജിദുകളെ ജനനിബിഡമാക്കുന്നതിലേക്കും ശ്രദ്ധിക്കേണ്ടതാണ്.**

**അങ്ങേയറ്റം നിർബന്ധമായ ഈ അടിസ്ഥാനപരമായ നിർബന്ധ കടമയിലേക്കും അല്ലാഹുവിലേക്കും നമ്മുടെ ശ്രദ്ധ ഉണ്ടാകാതെ ഇങ്ങനെ ഖുത്ബ കേട്ടിട്ടു എന്തു ഫലമുണ്ടാകാനാണ്? എല്ലാ ഓരോ രണ്ടാമത്തേയോ മൂന്നാമത്തേയോ ഖുത്ബയിൽ ജമാഅത്തായിട്ടുള്ള നമസ്കാരത്തെ കുറിച്ചോ ആരാധനകളെ കുറിച്ചോ ഞാൻ പറയാറുണ്ട്. അതിന്റെ സ്വാധീനംതന്നെ ഉണ്ടാകുന്നില്ലെങ്കിൽ വെറും അംസംഖ്യയുടെ കോളം പൂരിപ്പിക്കുന്നതുകൊണ്ട് ഒരു ഫലവുമില്ല.**

**പാക്കിസ്താനിൽ അഹ്മദികളുടെ അവസ്ഥകൾ ഞാൻ പറഞ്ഞതുപോലെയാണ്. അതിനുശേഷവും അല്ലാഹുവിലേക്ക് ശ്രദ്ധ ഉണ്ടാകുന്നില്ലെങ്കിൽ ഇനി എപ്പോഴുണ്ടാകാനാണ്? ഞങ്ങൾ ഇങ്ങനെതന്നെയെ ഇരിക്കുകയുള്ളു ഞങ്ങളുടെ അവസ്ഥകൾ മാറ്റിത്തരേണ്ടത് അല്ലാഹുവിന്റെ ജോലിയാണ് എന്ന നിലയിൽ നമ്മൾ അല്ലാഹുവിനെ നഊദുബില്ലാഹ് പരീക്ഷിക്കാൻ ആഗ്രഹിക്കുകയാണോ? പാക്കിസ്താനിലെ എല്ലാ അഹ്മദികളും ഇതിലേക്ക് ശ്രദ്ധനല്കേണ്ടത് നിർബന്ധമാണ്. വിജയങ്ങൾ ഉറങ്ങുന്നതുകൊണ്ട് ലഭിക്കില്ല. വിജയങ്ങൾ കൂസലില്ലായ്മകൊണ്ട് ലഭിക്കുകയില്ല. വിജയങ്ങൾ ലഭിക്കുന്നത് അതിർത്തിയിൽ കുതിരകളെ കെട്ടുന്നതിലൂടേയും താവളങ്ങൾ സ്ഥാപിക്കുന്നതിലൂടേയുമാണ് ലഭിക്കുന്നത്.**

**ചില ജമാഅത്തുകളിൽ നമസ്കാരത്തിന് നല്ല ഹാജർനിലയുണ്ടാകാറുണ്ട്. പക്ഷേ, എങ്കിലും ആരുടെ എങ്കിലും**
**ഏതെങ്കിലുമൊക്കെ നമസ്കാരം പാഴായിപോകുന്നുണ്ടാകും. ഒന്നോ അരയോ പോലും നമസ്കരിക്കാത്ത പലരുമുണ്ട്.**
**അതിനു ഒരു കാരണം ഞാൻ പറഞ്ഞതുപോലെ ജമാഅത്ത് വ്യവസ്ഥിതി അതിനെക്കുറിച്ച് പറയാത്തതാണ്.**

**ആനന്ദം ലഭിക്കുന്നതും നിർവൃതി ഉണ്ടാകുന്നതുമായ നമസ്കാരക്കാർ ഉണ്ടാകുകയാണെങ്കിൽ സാമ്പത്തിക വ്യവസ്ഥിതി സ്വയമേവ ശരിയാകുന്നതായിരിക്കും. കാരണം തഖ്വയുടെ നിലവാരം ഉയരുന്നതുകൊണ്ടുതന്നെയാണ് സാമ്പത്തികത്യാഗത്തിലേക്കും ശ്രദ്ധ ഉണ്ടാകുന്നത്. ഇതുമാത്രമല്ല മറിച്ച് എല്ലാവരും നമസ്കാരം ശരിയായ നിലയിൽ അനുഷ്ഠിക്കാൻ തുടങ്ങിയാൽ ഉമൂറെ ആമയുടേയും ഖളായുടേയും പ്രശ്നങ്ങളും ഒരു പരിധിവരെ പരിഹരിക്കപ്പെടുന്നതായിരിക്കും. എന്നല്ല മുഴുവൻ നമസ്കാരങ്ങളും ശരിയായ നിലയിൽ നിർവഹിക്കപ്പെടുകയാണെങ്കിൽ ബാക്കിയുള്ള വകുപ്പുകളും ആക്ടീവാ(active)കുന്നതായിരിക്കും.**

**തന്റെ സത്തയിൽ വിശ്വസിച്ചതിനുശേഷം നമസ്കാരം നിലനിറുത്തുക എന്ന കല്പനയാണ് അല്ലാഹു നല്കിയിട്ടുള്ളത്.**
**അതുകൊണ്ട് എല്ലാ അഹ്മദി പുരുഷന്മാരും സ്ത്രീകളും തങ്ങളുടെ നമസ്കാരങ്ങളെ കാത്തുസൂക്ഷിക്കേണ്ടതാണ്.**
**പുരുഷന്മാർ പ്രത്യേകമായും ജമാഅത്തായിട്ടുള്ള നമസ്കാരത്തിലേക്ക് ഒരുപാട് ശ്രദ്ധിക്കേണ്ടതാണ്.**

**അല്ലാഹുവിൽ സമ്പൂർണ വിശ്വാസമുണ്ടെങ്കിൽ മടിയുണ്ടാകുന്നതെങ്ങനെയാണ്. അതിനാൽ ഇന്ന് ലോകത്തുണ്ടായിക്കൊണ്ടിരിക്കുന്ന അവസ്ഥയുടെ ദുസ്സ്വാധീനത്തിൽനിന്ന് നിങ്ങളേയും നിങ്ങളുടെ മക്കളേയും രക്ഷിക്കുന്നതിന് അല്ലാഹുവിലേക്ക് ആത്മാർഥമായും കുനിയേണ്ടത് വളരെ ആവശ്യമാണ്. ഈ കുനിയുന്നതിനുള്ള ഉത്തമമായ മാർഗം അല്ലാഹുവും അവന്റെ റസൂലും ഇക്കാലഘട്ടത്തിൽ നഹദ്റത്ത് മസീഹ് മൗഊദ്(അ)ഉം പറഞ്ഞിട്ടുള്ളത് നമസ്കാരം നിർവഹിക്കുന്നതിലേക്കും കാത്തു സൂക്ഷിക്കുന്നതിലേക്കും നമ്മൾ ശ്രദ്ധിക്കുക എന്നാണ്.**

**വിശുദ്ധ ഖുർആൻ, തിരുഹദീഥുകൾ, ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ നിർദേശങ്ങളുടെ വെളിച്ചത്തിൽ നമസ്കാരത്തിന്റെ പ്രാധാന്യവും പുരുഷന്മാർ ജമാഅത്തായിട്ടുള്ള നമസ്കാരത്തിലേക്ക് പ്രത്യേകിച്ച് ശ്രദ്ധിക്കുന്നതിനു താക്കീതുചെയ്തുകൊണ്ടുള്ള ഉപദേശങ്ങളും.**

**ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹുത്തആല ബിനസ്രിൽ അസീസ്**

**ഖുത്ബ ജുമുഅ 2017 ജനുവരി 27/1396 സുൽഹ് 20**
**മസ്ജിദ് ബയ്ത്തുൽ ഫുതൂഹ് മോർഡൻ, ലണ്ടൻ**

أَشْهَدُ أَنْ لَّا إِلٰهَ إِلَّا اللّٰهُ وَحْدَهُ لَا شَرِيكَ لَهُ وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهُ وَرَسُولُهُ

أَمَّا بَعْدُ فَأَعُوذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيمِ- بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيمِ

اَلْحَمْدُ لِلّٰهِ رَبِّ الْعَالَمِيْنَ۔ اَلرَّحْمٰنِ الرَّحِيْمِ۔ مٰلِكِ يَوْمِ الدِّيْنِ۔ إِيَّاكَ نَعْبُدُ وَإِيَّاكَ نَسْتَعِيْنُ۔

اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ۔ صِرَاطَ الَّذِيْنَ أَنْعَمْتَ عَلَيْهِمْ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ۔

മുസ്ലീംകൾക്ക് നമസ്കാരം ഫർള് അഥവാ നിർബന്ധമാണെന്ന് നമ്മളിലാരാണ് അറിയാത്തത്. വിശുദ്ധഖുർആനിൽ ഒരുപാട് സ്ഥലങ്ങളിൽ നമസ്കാരത്തിന്റെ പ്രാധാന്യം വിവിധ രീതിയിൽ വിശദീകരിച്ചുകൊണ്ട് ഇക്കാര്യത്തിലേക്ക് ശ്രദ്ധ ക്ഷണിച്ചിരിക്കുന്നു. നമസ്കാരം ആരാധനയുടെ മജ്ജയാണെന്ന് നബി(സ)തിരുമേനിയും പറഞ്ഞു.(സുനനുത്തുർമുദി, കിതാബുദ്ദഅ്വാത്ത് ബാബ് മാ ജാഅ ഫീ ഫള്ലിദ്ദുആ ഹദീഥ് 3371)

എന്നല്ല നമസ്കാരം ഉപേക്ഷിക്കുക എന്നത് അവിശ്വാസത്തിന്റേയും ബഹുദൈവാരാധനയുടേയും അടുത്ത് കൊണ്ടെത്തിക്കുന്നുവെന്നും നബി(സ)തിരുമേനി പറഞ്ഞു.(സ്വഹീഹ് മുസ്ലിം കിതാബുൽ ഈമാൻ ഹദീഥ് 149)

അവിടന്ന് നമസ്കാരത്തിന്റെ പ്രാധാന്യം വിവ

രിച്ചുകൊണ്ട് പറഞ്ഞു: 'ഖിയാമത്തുന്നാളിൽ മനുഷ്യരിൽനിന്ന് നമസ്കാരത്തെ സംബന്ധിച്ചുള്ള കണക്കാണ് ആദ്യം എടുക്കുന്നത്'. ഈ കണക്ക് ശരിയായാൽ വിജയിക്കുകയും മോക്ഷം പ്രാപിക്കുകയുംചെയ്തു. ഇല്ലെങ്കിൽ നഷ്ടത്തിലാകുകയും നഷ്ടം വഹിക്കുകയും ചെയ്തു.(സുനനുത്തുർമുദി അബ് വാബുസ്സലാത്ത് ഹദീഥ് 413)

കുട്ടികളെ നമസ്കാരത്തിൽ കൃത്യനിഷ്ഠയുള്ളവരാക്കുന്നതിന് നബി(സ)തിരുമേനി പറഞ്ഞു, 'ഏഴു വയസ്സെത്തിക്കഴിഞ്ഞാൽ നമസ്കരിക്കാൻ കുട്ടികളെ ഉപദേശിക്കുക. പത്തു വയസ്സായാൽ അവരെ നമസ്കാരശീലമുള്ളവരാക്കാൻ ശിക്ഷിക്കേണ്ടിവന്നാൽ ശിക്ഷിക്കുക.'(സുനൻ അബീദാവൂദ് കിതാബുസ്സലാത്ത് ഹദീഥ് 495)

മാതാപിതാക്കൾത്തന്നെ നമസ്കരിക്കാത്തവരാണെങ്കിൽ കുട്ടികളോടു എങ്ങനെ നമസ്കരിക്കാൻ പറയാനാണ്? കുട്ടികൾ തങ്ങളുടെ മീറ്റിംഗുകളിലും അല്ലെങ്കിൽ വിവിധ മാർഗങ്ങൾ മുഖേനയും നബി(സ)തിരുമേനിയുടെ ഹദീഥു കേട്ടാൽത്തന്നെയും വീട്ടിൽ തന്റെ പിതാവിനെ നമസ്കരിക്കാത്തവനായി കണ്ടാൽ അവരിൽ അതെന്തു സ്വാധീനം ചെലുത്താനാണ്? തീർച്ചയായും അത്തരം പിതാക്കന്മാരുടെ മക്കൾ ആ കല്പനയ്ക്കു പ്രാധാന്യമൊന്നുമില്ലെന്നായിരിക്കും മനസ്സിലാക്കുക. എന്നല്ല ഒരു കല്പനയുടെ പ്രാധാന്യത്തെ അവഗണിക്കുന്നതുകൊണ്ട് കുട്ടികളുടെ മനസ്സിൽനിന്ന് എല്ലാ ഇസ്ലാമിക കല്പനകളുടേയും പ്രാധാന്യത്തിന്റെ സ്വാധീനം അസാനിച്ചുപോകുന്നതായിരിക്കും. അത്തരമാളുകൾ നബി(സ)തിരുമേനി പറഞ്ഞതുനുസരിച്ച് സ്വയം നഷ്ടപ്പെട്ടവരിൽ അകപ്പെട്ടുകൊണ്ടിരിക്കുമെന്നു മാത്രമല്ല തങ്ങളുടെ മക്കളേയും നഷ്ടപ്പെട്ടവരിൽ ഉൾപ്പെടുത്തുന്നവരായിരിക്കും. ഭൗതികമായ ആഗ്രഹങ്ങൾ പൂർത്തിയാക്കിക്കൊടുക്കുന്നതിനും ഭൗതികാഭിവൃദ്ധിക്കും വേണ്ടി മാതാപിതാക്കൾ ചിന്ത പ്രകടിപ്പിക്കാറുണ്ട്. പക്ഷേ, യഥാർഥ ചിന്തയുടെ സ്ഥാനത്ത് അതിനെ ഗൗനിക്കാറുമില്ല. ഒരു യഥാർഥ മുഅ്മിന് അവന്റെ ആത്മീയമായ അഴുക്കുകൾ അകലുന്നതിന് കേവലം നമസ്കാരം മാത്രമല്ല നി ർബന്ധമായിട്ടുള്ളത്. നബി(സ) തിരുമേനി ഉദാഹരണം നല്കിക്കൊണ്ടു പറഞ്ഞു: 'നിങ്ങൾ മനസ്സിലാക്കുമോ!ഏതെങ്കിലും ഒരാളുടെ വീടിന്റെ മുമ്പിലൂടെ ഒരു നദി ഒഴുകുകയും അയാൾ അതിൽ നിത്യവും അഞ്ചുനേരം കുളിക്കുകയും ചെയ്താൽ അയാളുടെ ദേഹത്ത് എന്തെങ്കിലും അഴുക്കുണ്ടാകുമോ?' സ്വഹാബാക്കൾ പറഞ്ഞു:'അല്ലാഹുവിന്റെ റസൂലേ! തീർച്ചയായും അയാളുടെ ശരീരത്തിൽ ഒരു അഴുക്കും ഉണ്ടാകുകയില്ല.'അപ്പോൾ നബി(സ)തിരുമേനി പറഞ്ഞു: 'ഈ ഉദാഹരണമാണ് അഞ്ചുനേര നമസ്കാരത്തിന്റേതും. അല്ലാഹു അതുമുഖേന പാപങ്ങൾ പൊറുക്കുകയും ബലഹീനതകൾ അകറ്റുകയും ചെയ്യുന്നു.'(സ്വഹീഹ് ബുഖാരി കിതാബ് മവാഖീത്തുസ്സലാത്ത് ഹദീഥ് 528) അഞ്ചുനേരം നമസ്കരിക്കുന്നവരുടെ ആത്മാവിൽ ഒരു അഴുക്കും അവശേഷിക്കുക്കയില്ല.

നബി(സ)തിരുമേനി ഒരു മനോഹരമായ ഉദാഹരണം മുഖേന വിവരിച്ച നമസ്കാരത്തിന്റെ പ്രാധാന്യമാണിത്. പക്ഷേ, ഞാൻ പറഞ്ഞതുപോലെ വെറും നമസ്കരിക്കാൻ മാത്രമല്ല കല്പനയുള്ളത്. യഥാർഥ സത്യവിശ്വാസിയായ പുരുഷന് ആത്മാവിന്റെ അഴുക്കു അകറ്റുന്നതിന് കൂടുതൽ വിശദീകരണം നല്കി.

നബി(സ)തിരുമേനി പറഞ്ഞു: 'വീട്ടിൽനിന്ന് വുളു ചെയ്യുകയും പിന്നീട് അല്ലാഹുവിന്റ വീട്ടിലേക്ക് അതായത് മസ്ജിദിലേക്ക് ഫർള് നമസ്കരിക്കാൻ പോകുകയും ചെയ്യുമ്പോൾ എത്ര ചുവടുകളാണോ അവൻ വെച്ചത് അവയിൽനിന്ന് ഒരു ചുവടുകൊണ്ട് അവന്റെ ഒരു പാപം മാപ്പാക്കപ്പെടുന്നുവെങ്കിൽ രണ്ടാമത്തെ ചുവടുകൊണ്ട് അവന്റെ ഒരു പദവി ഉയരുകയും ചെയ്യുന്നു.' അതായത് എല്ലാ ചുവടും അവന് പ്രതിഫലം നല്കുന്നതായിരിക്കും.(സ്വഹീഹ് മുസ്ലിം കിതാബുൽമസാജിദ് ഹദീഥ് 1406)

മറ്റൊരു അവസരത്തിൽ ജമാഅത്തായിട്ടുള്ള നമസ്കാരത്തിന്റെ പ്രാധാന്യം നബി(സ) തിരുമേനി ഇങ്ങനെ വിവരിക്കുകയുണ്ടായി. അല്ലാഹു പാപങ്ങൾ മായ്ച്ചുകളയുകയും പദവികൾ ഉയർത്തുകയും ചെയ്യുന്ന കാര്യം ഞാൻ നിങ്ങൾക്ക് പറഞ്ഞുതരട്ടെയോ? തങ്ങൾക്ക് അവസരം കിട്ടുന്നതെപ്പോഴാണെന്ന് തക്കം പാർത്തിരിക്കുകയും അല്ലാഹുവിനെ തൃപ്തിപ്പെടുത്താൻ ശ്രമിക്കണമെന്നും അവനെ തൃപ്തിപ്പെടുത്താനുള്ള മാർഗങ്ങൾ പഠിക്കണമെന്നും അവന്റെ സാമീപ്യം പ്രാപിക്കണമെന്നും തങ്ങളുടെ പാപങ്ങളിൽനിന്ന് അകൽച്ച ഉണ്ടാക്കണമെന്നും എപ്പോഴും വിചാരിച്ചിരുന്ന സ്വഹാബ രിള്വാനുല്ലാഹി അലയ്ഹിം പറഞ്ഞു:'യാ! റസൂലല്ലാഹ്!തീർച്ചയായും പറഞ്ഞു തന്നാലും.' നബി(സ)തിരുമേനി പറഞ്ഞു:'മനസ്സ് ഇഷ്ടപ്പെടാത്തപ്പോഴും നല്ലവണ്ണം വുളു ചെയ്യുകയും മസ്ജിദിൽ ദൂരത്തുനി ന്ന് നടന്നുവരികയും ഒരു നമസ്കാത്തിനുശേഷം അടുത്ത നമസ്കാരം കാത്തിരിക്കുകയും ചെയ്യുന്നത് പാപങ്ങളിൽനിന്ന് അകൽച്ച ഉണ്ടാക്കുന്നതാണ്.' അവിടന്ന് പറഞ്ഞു: 'ഇത്രമാത്രമല്ല. ഇത് ഒരു തരത്തിലുള്ള 'രിബാത്ത്' ആകുന്നു.' (സ്വഹീഹ് മുസ്ലിം കിതാബുത്ത്വഹാറത്തി ഹദീഥ് 475) അതായത് അതിർത്തിപ്രദേശങ്ങളിൽ താവളമടിക്കു ന്ന തിന് തുല്യമാണ്; രാജ്യരക്ഷയ്ക്കായി അതിർത്തി പ്രദേശങ്ങളിൽ പട്ടാളം താവളമടിക്കുന്നതുപോലെ.

അതിർത്തിയിൽ എന്തിനാണ് പട്ടാളം താവളമടിക്കുന്നത്? ഞാൻ പറഞ്ഞതുപോലെ സ്വന്തം രാജ്യത്തിന്റെ സംരക്ഷണത്തിനും ശത്രുവിന്റെ ആക്രമണങ്ങളിൽനിന്ന് സുരക്ഷിതരായിരിക്കുന്നതിനും ആക്രമണമുണ്ടായാൽ പെട്ടെന്ന് അതിനെ നേരിടാനുമാണ് തയ്യാറായിരിക്കുന്നത്.

ഒരു മുഅ്മിന് ഏറ്റവും വലിയ ഭീഷണി ശയ്ത്വാനാണ്. അവനിൽനിന്ന് രക്ഷപ്പെടുക എന്നതാണ് അവന് നിർബന്ധമായ കാര്യം, അവനിൽനിന്ന് രക്ഷപ്പെടാൻ താവളങ്ങൾ സ്ഥാപിക്കേണ്ട ആവശ്യമുണ്ട്.ശയ്ത്വാൻ മനസ്സിലുണ്ടാക്കുന്ന ഭൗതികാഗ്രഹങ്ങളുടെ ഭീഷണിയുണ്ട്. അവ മുഖേന ശയ്ത്വാൻ ആക്രമണം നടത്തുന്നു. അതുകൊണ്ട് അവനിൽനിന്ന് രക്ഷപ്പെടുന്നതിന് ജമാഅത്തായിട്ടുള്ള നമസ്കാരത്തിന്റെ താവളമാണുള്ളത്. ഇതാണ് സുരക്ഷിതരായവരുടെ കൈപ്പിടി. അത് ശയ്ത്വാന്റെ ആക്രമണങ്ങളിൽനി ന്ന് രക്ഷിക്കുന്നതാണ്. പാപങ്ങളിൽനിന്ന് മനുഷ്യൻ രക്ഷപ്പെടുകയും നന്മയിലേക്ക് ശ്രദ്ധ ഉണ്ടാകുകയും ചെയ്യുന്നതാണ്.

ഇപ്രകാരംതന്നെ ജമാഅത്തായുള്ള നമസ്കാരത്തിന് തനിച്ച് നമസ്കരിക്കുന്നതിനെക്കാൾ 27 ഇരട്ടി പ്രതിഫലം കൂടുതലാണ്. അതിനെകുറിച്ചും നബി (സ)തിരുമേനി പറഞ്ഞിട്ടുണ്ട്.(സ്വഹീഹ് ബുഖാരി കിതാബുൽ അദാൻ ഹദീഥ് 645)

ഹദ്റത്ത് മസീഹ് മൗഊദ്(അ) ജമാഅത്തായുള്ള നമസ്കാരത്തിന്റെ പ്രാധാന്യം വിവരിച്ചുകൊണ്ട് ഒരിടത്ത് പറയുന്നു: 'ജമാഅത്തായിട്ടുള്ള നമസ്കാരത്തിന് കൂടുതൽ പ്രതിഫലം വെച്ചിരിക്കുന്നതുകൊണ്ടുള്ള ഉദ്ദേശ്യം' (അതായത് ജമാഅത്തായിട്ടുള്ള നമസ്കാരത്തിന് കൂടുതൽ പ്രതിഫലം വെച്ചിട്ടുള്ളത്) ഐക്യമുണ്ടാകുക എന്നതാണ്. പിന്നീട് ആ ഐക്യത്തെ കർമപരമായനിലയിൽ കൊണ്ടുവരുന്നതിന് എത്രത്തോളം നിർദേശവും താക്കീതുമുണ്ടെന്നാൽ പരസ്പരം കാലുകളും സമമായിരിക്കണം."(അതായത് സ്വഫിൽ നില്ക്കുമ്പോൾ കാലുകളും നേരെയായിരിക്കണം. അതിനുവേണ്ടി ഉപ്പൂറ്റി സമമായി വെക്കുന്നു)."സ്വഫ് ശരിയായിരിക്കണം. പരസ്പരം ചേർന്ന് നില്ക്കണം. ഇതുകൊണ്ടുള്ള ഉദ്ദേശ്യം ഒരൊറ്റമനുഷ്യനെപ്പോലെ ആയത്തീരുക എന്നാണ്.'(സ്വഫ് ശരിയായി കഴിഞ്ഞാൽ ഒരൊറ്റ മനുഷ്യനെപ്പോലെ തോന്നണം. അതായത് അതിൽ ശക്തിയുണ്ടാകും.)"ഒരാളുടെ പ്രകാശങ്ങൾ മറ്റുള്ളവനിൽ പ്രവഹിക്കുമാറാകണം." പറഞ്ഞു: 'അഹങ്കാരവും സ്വാർഥതയും ഉണ്ടാക്കിത്തീർക്കുന്ന വ്യത്യാസമുണ്ടാകാൻ പാടില്ല." (അതായത് സമ്പന്നനും ദരിദ്രനും എല്ലാവരും ഒരു സ്വഫിൽ നില്ക്കുന്നതാണ്. ചിലയാളുകളുടെ മനസ്സിൽ അഹങ്കാരമുണ്ടാകും. അല്ലെങ്കിൽ സ്വാർഥത ഉണ്ടാകും. അതിനെ ജമാഅത്തായിട്ടുള്ള നമസ്കാരം ഇല്ലാതാക്കുന്നു). പറഞ്ഞു:

"മറ്റുള്ളവരുടെ പ്രകാശങ്ങളെ ആകർഷിച്ചെടുക്കാനുള്ള ശക്തി മനുഷ്യനിലുണ്ടെന്ന കാര്യം നല്ലവണ്ണം ഓർത്തുകൊള്ളുക."(മൽഫൂദാത്ത് വാള്യം 8 പേജ് 247-248, 1985 ലണ്ടൻ പതിപ്പ്). (ചിലരിൽ നന്മയുടെ കൂടുതൽ സ്വാധീനമുണ്ടാകും. നന്മയുടെ നല്ലതും ഉയർന്നതുമായ അവസ്ഥയിലാണുള്ളതെങ്കിൽ മറ്റുള്ളവരും ആ സ്വാധീനം സ്വീകരിക്കുന്നതാണ്).

അതിനാൽ നന്മകളുടെ സ്വാധീനം ആകർഷിച്ചെടുക്കുന്നതിന് ജമാഅത്തായിട്ടുള്ള നമസ്കാരവും പ്രയോജനപ്പെടുന്നതാണ്. ജമാഅത്തായിട്ടുള്ള നമസ്കാരംകൊണ്ട് അല്ലാഹു ഉമ്മത്തിൽ ഉണ്ടാക്കാനാഗ്രഹിക്കുന്ന ഐക്യത്തിന്റെ പ്രകടനം ഉണ്ടാകുന്നതോടൊപ്പംതന്നെ പരസ്പരം നന്മകളുടെ സ്വാധീനവും ഉണ്ടാകുന്നതാണ്. ഒരേയൊരു സ്വഫ്ഫിൽ കൂടുതൽ നന്മകൾ പ്രവർത്തിക്കുന്നവരും ആത്മീയമായനിലയിൽ ഉയർന്നവരും അതുപോലെതന്നെ ബലഹീനരായവരും നില്ക്കുമ്പോൾ ബലഹീനരായവരിൽ നന്മകളുടെ സ്വാധീനമുണ്ടാകുന്നതാണ്. അവരിലും നന്മയിൽ ഉയരുന്നതിനും അഭിവൃദ്ധിപ്പെടുന്നതിനും ആത്മീയത ഉയർത്തുന്നതിനുമുള്ള കരുത്ത് വർധിക്കുന്നതാണ്. ഈ ഐക്യം ഉണ്ടാകുകയും ആത്മീയത ഉയരുകയും ചെയ്യുമ്പോൾ പിന്നീട് സാത്താനിക ശക്തികൾ ദുർബലരാകുന്നതാണ്.

ഇക്കാലഘട്ടത്തിൽ നബി(സ)തിരുമേനിയുടെ സത്യസന്ധനായ ദാസനെ അല്ലാഹു അയച്ചു. ആ മഹാത്മാവ് ആരാധനകളുടേയും നമസ്കാരങ്ങളുടേയും ശരിയായ ഗ്രാഹ്യമുണ്ടാക്കുന്നതിലേക്ക് നമുക്ക് മാർഗദർശനം നല്കി. അതുകൊണ്ട് നമ്മുടെ ആത്മീയമായ അവസ്ഥയുടെ ഉന്നമനത്തിനും ഐക്യം സ്ഥാപിക്കുന്നതിനുംവേണ്ടി മസീഹ് മൗഊദിനേയും മഹ്ദിയെ മഅ്ഹൂദിനേയും വിശ്വസിക്കുന്നുവെന്ന് ഒരു ഭാഗത്ത് വാദിക്കുകയും മറുഭാഗത്ത് നമ്മുടെ കർമങ്ങളിൽ പ്രത്യേകിച്ചും അടിസ്ഥാനപരമായ ഇസ്ലാമിക കല്പനകളും ഫർളായ കാര്യങ്ങളും പാലിക്കുന്നതിൽ ദുർബലരാകുകയും-നമ്മുടെ ജീവിതോദ്ദേശ്യത്തിൽ ബലഹീനരാകുകയും കുറഞ്ഞ നിലവാരം അല്ലാഹു നി ശ്ചയിച്ചിട്ടുള്ള ഉദ്ദേശ്യംപോലും കരസ്ഥമാക്കുന്നതിൽ ദുർബലരാകുകയും ചെയ്താൽ നമുക്കെങ്ങനെയാണ് നമ്മുടെ ആത്മീയാവസ്ഥയുടെ അഭിവൃദ്ധിക്കും അല്ലാഹുവിന്റെ കല്പനകൾ അനുസരിച്ച് നടക്കുന്നതിനും നബി (സ)തിരുമേനിയുടെ കല്പനയ്ക്ക് ലബ്ബൈക്ക് പറഞ്ഞുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ വിശ്വസിച്ചിരിക്കുന്നുവെന്ന് വാദിക്കാൻ കഴിയുക.

ഞാൻ പറഞ്ഞതുപോലെ വിശുദ്ധ ഖുർആനിലും ഒരുപാട് സ്ഥലങ്ങളിൽ അഞ്ചുനേരനമസ്കാരം നിർബന്ധമാണെന്ന് പറഞ്ഞിരിക്കുന്നു. അതിന്റെ പ്രാധാന്യവും വിവരിച്ചിരിക്കുന്നു. ഞാൻ വിവരിച്ച നബി(സ)തിരുമേനിയുടെ നിർദേശങ്ങളിലും അത് വളരെ വ്യക്തമാണ്. ഈ നമസ്കാരം എല്ലാ അഹ്മദികൾക്കും നിർബന്ധമാണ്. പ്രായപൂർത്തി എത്തിയ(ബുദ്ധിപക്വമായ) എല്ലാ പുരുഷന്മാർക്കും ജമാഅത്തായിട്ടുള്ള നമസ്കാരം നിർബന്ധമാണ്. പക്ഷേ, ഇക്കാര്യത്തിൽ തീരെ ശ്രദ്ധ ഇല്ലാത്തതും ബലഹീനത കാണിക്കുന്നതുമാണ് നാം കാണുന്നത്. ഒരു യഥാർഥ മുഅ്മിന് നമസ്കാരം നിർബന്ധമാണെന്നതിൽ സംശയമില്ല. ഇക്കാര്യം അവൻ സ്വയം ശ്രദ്ധിക്കേണ്ടതാണ്. പക്ഷേ, ജമാഅത്തിൽ ഒരു വ്യവസ്ഥിതിയും സ്ഥാപിതമായിട്ടുണ്ട്. ഈ വ്യവസ്ഥിതിയും ഇക്കാ

ര്യങ്ങൾ പറഞ്ഞുകൊണ്ടിരിക്കേണ്ടതാണ്. ഇതിന്റെ യാഥാർഥ്യം വ്യക്തമാക്കിക്കൊണ്ടിരിക്കേണ്ടതാണ്. ഞാൻ മിക്ക ഖുത്ബയിലും ഇക്കാര്യം പറഞ്ഞുകൊണ്ടിരിക്കുന്നുണ്ട്. ഏതെങ്കിലുമൊക്കെ ഉദ്ധരണിയിലൂടെ നമസ്കാരങ്ങളിലേക്ക് ശ്രദ്ധക്ഷണിച്ചുകൊണ്ടിരിക്കുന്നു. പക്ഷേ, അതിനെ പിന്നീട് മുന്നോട്ടു പ്രചരിപ്പിക്കേണ്ടത് മുറബ്ബിമാരുടേയും ജമാഅത്ത് വ്യവസ്ഥിതിയുടേയും ജോലിയാണ്. ജമാഅത്തിലെ ഓരോ അംഗങ്ങൾവരെ നമസ്കാരത്തിന്റെ പ്രാധാന്യം ആവർത്തിച്ചാവർത്തിച്ച് എത്തിക്കേണ്ടതാണ്. നമ്മൾ നമ്മുടെ നമസ്കാരം കാത്തുസൂക്ഷിച്ചുകൊണ്ട് അവയിൽനിന്ന് ആത്മീയ രുചി നുകരുമ്പോഴായിരിക്കും യഥാർഥത്തിൽ നമ്മൾ അഹ്മദികളാണെന്ന കടമ നിറവേറ്റപ്പെടുന്നത്. ഈ ആത്മീയമായ ആനന്ദവും രുചിയും കിട്ടാൻ തുടങ്ങുമ്പോൾ പിന്നീട് നമസ്കാരം നിർവഹിക്കുന്നതിലേക്ക് സ്വയമേവ ശ്രദ്ധ ഉണ്ടാകുന്നതായിരിക്കും.

അതിനാൽ ഇതിലേക്ക് ഞാൻ പറഞ്ഞതുപോലെ എങ്ങനെ നമ്മൾ നമസ്കരിക്കണമെന്ന് ഓരോ അഹ്മദിയും സ്വയം ശ്രദ്ധിക്കേണ്ട ആവശ്യമുണ്ട്. നമുക്ക് മാനസികമായ സന്തോഷം പകരുന്നതും രുചി പ്രദാനം ചെയ്യുന്നതുമായ നമസ്കാരം അനുഷ്ഠിക്കേണ്ടതാണ്.

ഹദ്റത്ത് മസീഹ് മൗഊദ്(അ)എങ്ങനെയാണ് ഈ സന്തോഷദായകമായ നമസ്കാരം ലഭിക്കാനുള്ള നമസ്കാരം നിറവേറ്റേണ്ടത് എന്നതിനെ സംബന്ധിച്ച് ഉദാഹരണം നല്കിക്കൊണ്ടു പറയുന്നു: "ഒരു മദ്യപാനി അയാൾക്ക് ലഹരി ഉണ്ടാകാത്തിടത്തോളം തുടരെത്തുടരെ കുടിച്ചുകൊണ്ടിരിക്കുന്നത് ഞാൻ കാണുന്നു."(ലഹരിയുണ്ടാകുന്നതിന് കുടിച്ചുകൊണ്ടേപോകുന്നു). "അവസാനം അയാൾക്ക് ഒരു തരത്തിലുള്ള ലഹരി കൈവരുന്നു."പറഞ്ഞു:'ബുദ്ധിമാന് ഇതിൽനിന്ന് ഫലമെടുക്കാൻ കഴിയുന്നതാണ്.'

(അതായത് ഈ ഉദാഹരണത്തിൽനിന്ന് ബുദ്ധിമാനായ മനുഷ്യന് ഫലമെടുക്കാൻ കഴിയുന്നതാണ്). 'അത് ഇതാണ്."(തന്റെ ആത്മീയതയെ തീക്ഷ്ണമുള്ളതാക്കാനും നമസ്കാരത്തിലേക്ക് ശ്രദ്ധിക്കാനും എങ്ങനെയാണ് പ്രയോജനപ്പെടുത്തേണ്ടത്)"നമസ്കാരത്തിൽ സ്ഥിരത ഉണ്ടാക്കുക."(നമസ്കാരം മുടങ്ങാതെ അനുഷ്ഠിക്കുക. ഒരിക്കലും ഉപേക്ഷിച്ചു കളയരുത്). പറഞ്ഞു:"ആനന്ദമുണ്ടാകുന്നതുവരെ അനുഷ്ഠിച്ചുകൊണ്ടേപോകുക. മദ്യപാനിയുടെ മനസ്സിൽ ഒരു ആനന്ദം വരുന്നതുപോലെ, അതു കരസ്ഥമാക്കുക എന്നതാണ് അവന്റെ ഏകലക്ഷ്യം.' മദ്യപാനി മദ്യപിക്കുമ്പോൾ അവൻ തന്റെ മനസ്സിൽ തനിക്ക് ഈ ആനന്ദം കരസ്ഥമാക്കണമെന്ന തന്റേതായൊരു നിലവാരം നിശ്ചയിക്കുന്നുണ്ടാകും. പറഞ്ഞു, ഏതൊരു നിലവാരമാണോ അവൻ തന്റെ ലഹരിക്കുവേണ്ടി കരസ്ഥമാക്കുന്നത് ഒരു ആത്മീയ വ്യക്തിയ്ക്കും ഒരു മുഅ്മിനും തന്റേതായ എന്തെങ്കിലും ഉദ്ദിഷ്ടസ്ഥാനം ഉണ്ടാക്കേണ്ടതാണ്. അതിനെ അവൻ നമസ്കാരത്തിനായി കരസ്ഥമാക്കേണ്ടതാണ്. ഇപ്രകാരം ആവർത്തിച്ചാവർത്തിച്ച് ദൃഢസ്വഭാവിയായി ശ്രമിക്കുമ്പോൾ ആനന്ദം ഉണ്ടാകാവുന്നതാണ്. അവിടന്ന് പറയുന്നു, "ഇപ്രകാരം മനസ്സിന്റേയും സകല ശക്തികളുടേയും ചായ്വ് നമസ്കാരത്തിൽ ഇതേ ആനന്ദം കരസ്ഥമാകണം എന്നതായിരിക്കണം." നമസ്കരിക്കുന്ന ഒരുവൻ നമസ്കരിക്കുമ്പോൾ തന്റെ എല്ലാ ശ്രദ്ധയും എല്ലാ കഴിവുകളും നമസ്കാരത്തിൽ ഉപയോഗിക്കേണ്ടതാണെന്നും തനിക്ക് ഈ ആനന്ദം കരസ്ഥമാക്കേണ്ടതാണെന്നുമുള്ള കാര്യം മനസ്സിൽ വെക്കേണ്ടതുമാണ്. അതിനുവേണ്ടി നിശ്ചയദാർഢ്യം വർധിപ്പിക്കേണ്ട ആവശ്യമുണ്ട്. നിശ്ചയദാർഢ്യമുണ്ടെങ്കിൽ പിന്നീട് ദൃഢസ്വഭാവവും നിലനില്ക്കുന്നതാണ്.' അവിടന്ന് പറയുന്നു:'പിന്നീട് ഒരു ആത്മാർഥതയോടും ആവേശത്തോടുംകൂടി കുറഞ്ഞപക്ഷം ആ മദ്യപാനിയുടെ അസ്വസ്ഥതയും ആധിയും ദുഃഖവും പോലെഒരു ദുആ ജന്മംകൊണ്ട് ആ ആനന്ദം കരസ്ഥമാകുമ്പോൾ ഞാൻ പറയുന്നു, സത്യമായും പറയുന്നു....തീർച്ചയായും തീർച്ചയായും ആ ആനന്ദം കരസ്ഥമാകുന്നതായിരിക്കും." പിന്നീട് ഹാ! എനിക്ക് നമസ്കാരത്തിൽ ആനന്ദം ഉണ്ടായിരുന്നെങ്കിൽ എന്നോർത്ത് ഒരു വേദനയും ഒരു വിഷമവും ഒരു അസ്വസ്ഥത യും ഉണ്ടാകുന്നതായിരിക്കും. നമസ്കരിച്ചുകൊണ്ടിരിക്കുമ്പോൾ അല്ലാഹുവിന്റെ മുമ്പിൽ ആവർത്തിച്ചാവർത്തിച്ച് ഈ പ്രകടനമുണ്ടാകണം. അവിടന്ന് പറയുന്നു:'പിന്നീട് തീർച്ചയായും ആ ആനന്ദം കരസ്ഥമാകുന്നതായിരിക്കും.'(മൽഫൂദാത്ത് വാല്യം 9 പേജ് 7-8 1985 ലണ്ടൻ പതിപ്പ്)

അതിനാൽ ദൃഢസ്വഭാവത്തോടുകൂടി നമസ്കാരത്തിൽ അതിന്റെ ആനന്ദം പ്രാപിക്കാനുള്ള ശ്രമം അവസാനം ഒരു നേരത്ത് മനസ്സിനെ ഉരുക്കി ആ ആനന്ദം തരുന്നതാണ്. അവിടന്ന് ഇക്കാര്യവും താക്കീതുചെയ്യുകയും വിശദീകരിക്കുകയും ചെയ്തു. അതായത് അല്ലാഹു പറയുന്നു, നമസ്കാരം ദുഷ്കർമങ്ങളിൽനിന്നും തിന്മകളിൽനിന്നും രക്ഷിക്കുന്നു. പക്ഷേ, ഇങ്ങനെ പറഞ്ഞിട്ടും നമ്മൾ കാണുന്നതും ആളുകൾ ചോദിക്കുന്നതും നമസ്കരിക്കുന്നവരായിരുന്നിട്ടും ആളുകൾ ദുഷ്കർമങ്ങളും തിന്മകളും ചെയ്യുന്നുണ്ടല്ലോ എന്നാണ്.' അവിടന്ന് പറയുന്നു:'അതിനുള്ള മറുപടി ചൈതന്യത്തോടും സത്യസന്ധതയോടുംകൂടി നമസ്കരിക്കുന്നില്ല എന്നാണ്. മറിച്ച് കേവലം ആചാരവും ശീലവുമെന്ന നിലയിൽ തലകുത്തുകയാണ്.'(മൽഫൂദാത്ത് വാല്യം 9 പേജ് 8 1985 ലണ്ടൻ പതിപ്പ്)

നമസ്കാരം തിന്മകളിൽനിന്ന് തടയുന്നുവെന്ന് അല്ലാഹു പറയുമ്പോൾ തീർച്ചയായും അത് സത്യമാണെന്നും അല്ലാഹുവിന്റെ വചനം ഒരിക്കലും വ്യാജമാകുകയില്ലെന്നും നമ്മൾ ഓർക്കേണ്ടതാണ്. നമസ്കാരങ്ങൾ അനുഷ്ഠിച്ചിട്ടും ആരിലാണോ തിന്മകൾ നിലനില്ക്കുന്നത് അവരുടെ നമസ്കാരങ്ങൾ വെറും ബാഹ്യമായ നമസ്കാരങ്ങളാണ്. അവർ അതിന്റെ ആത്മാവിനെ മനസ്സിലാക്കുന്നില്ല. ഇതു വളരെ ചിന്താർഹമായ കാര്യമാണ്. ഇതിൽ നമ്മൾ ഓരോരുത്തരും നമ്മുടെ അവസ്ഥ പരിശോധിക്കേണ്ടതാണ്.

നമുക്ക് ആനന്ദവും നിർവൃതിയും ഉണ്ടാകുന്നുണ്ടെങ്കിൽ അല്ലെങ്കിൽ തനിക്ക് ആനന്ദവും നിർവൃതിയും ലഭിക്കണമെന്ന ഉറച്ച തീരുമാനമുണ്ടെങ്കിൽ നമസ്കാരങ്ങളിൽ കൃത്യനിഷ്ട ഇല്ലാത്തവരായി നമ്മളിൽ ആരാണുണ്ടാകുക. എല്ലാവർക്കും എപ്പോഴെങ്കിലുമൊക്കെ ആനന്ദത്തിന്റേയും നിർവൃതിയുടേയും അനുഭവം ഉണ്ടാകുന്നതാണ്. ഉണ്ടായിട്ടുണ്ടാകും. ബുദ്ധിമുട്ടിലും പ്രയാസത്തിലും അകപ്പെടുമ്പോൾ നമസ്കാരങ്ങളിൽ ഒരുപാട് കരയുകയും കേണപേക്ഷിക്കുകയും ചെയ്യുന്ന ധാരാളമാളുകളെ നമ്മൾ കാണുന്നു. നടക്കുമ്പോഴും കറങ്ങുമ്പോഴും അല്ലാഹുവിനോടു ദുആ ചെയ്യുന്നു. അവനിലേക്ക് എപ്പോഴും ശ്രദ്ധയുണ്ടാകുന്നു. ഇക്കാരണത്താൽ പിന്നീട് ആരാധന കർമങ്ങളിലേക്കും ശ്രദ്ധയുണ്ടാകുന്നു. എന്തെങ്കിലുമൊക്കെ അവരുടെ മനസ്സിൽ ഈ വിചാരമുണ്ടാകുകയും എന്തെങ്കിലുമൊക്കെ ശ്രദ്ധ ഉണ്ടായിക്കൊണ്ടിരിക്കുകയും ചെയ്യുന്നു. അക്കാരണത്താൽ ബുദ്ധിമുട്ടിന്റെ അവസ്ഥയിൽ സ്ഥിരമായി ദുആ ചെയ്തുകൊണ്ടിരിക്കുന്നു. പക്ഷേ, അവരുടെ ആഗ്രഹം പൂർത്തിയായിക്കഴിഞ്ഞാൽ പ്രയാസങ്ങളിൽനിന്ന് പുറത്തുവന്നാൽ തങ്ങളുടെ നമസ്കാരങ്ങളിൽ, വിനീതമായ ദുആകളിൽ അലസതയുണ്ടാകുന്ന ധാരാളമാളുകളുണ്ട്. അതിനാൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)പറഞ്ഞതുപോലെ നിരന്തരമായ പരിശ്രമംകൊണ്ട് നമുക്ക് നമ്മുടെ മുമ്പിൽ ഈ ടാർഗറ്റ് വെക്കേണ്ടതാണ്, അവസ്ഥ നല്ലതായാലും വേണ്ടില്ല മോശമായാലും വേണ്ടില്ല ഞെരുക്കമായാലും വേണ്ടില്ല വിശാലമായാലും വേണ്ടില്ല ലഹരിയുടെ അവസ്ഥ ഉണ്ടാക്കുന്ന ആ ആനന്ദവും നിർവൃതിയും കരസ്ഥമാക്കാൻ ശ്രമിക്കേണ്ടതാണ്. വെറും വ്യക്തിപരമായ അവസ്ഥകൾ മാത്രമല്ല ഒരു മുഅ്മിനെ സംബന്ധിച്ചിടത്തോളം സമൂഹത്തിന്റെ പൊതുവായിട്ടുള്ള അവസ്ഥകളും വേദനയുണ്ടാക്കുന്നതാകേണ്ടതാണ്. ഈ വേദനയുടെ അവസ്ഥ ഉണ്ടാകുമ്പോൾ ആ വേദനയിൽനി ന്ന് ദുആകളുംപുറത്തുവരുന്നു.

ഉദാഹരണത്തിന് പാക്കിസ്ഥാനിൽ ജമാഅത്തിന്റെ അവസ്ഥ വളരെ മോശമാണ്. ജമാഅത്തംഗങ്ങൾക്കെതിരെ നാലു ഭാഗത്തുനിന്നും വിദ്വേഷത്തിന്റെ അമ്പുകൾ എയ്തുകൊണ്ടിരിക്കുകയാണ്. വെറുപ്പിന്റേയും പകയുടേയും പ്രകടനം ഉണ്ടായിക്കൊണ്ടിരിക്കുന്നു. മുല്ലാമാരെ ഭയപ്പെട്ടുകൊണ്ടോ അവരുടെ സംസാരങ്ങളിൽനിന്ന് തെറ്റായധാരണ ഉണ്ടാകുന്ന കാരണത്താലോ മുമ്പേ നല്ല ബന്ധമുണ്ടായിരുന്ന അനഹ്മദികൾ ചിലയിടങ്ങളിൽ എതിർപ്പുകളിൽ അതിരു കടന്നുകൊണ്ടിരിക്കുകയാണ്. പൊതുവെ നോക്കുകയാണെങ്കിൽത്തന്നെയും ആ അക്രമങ്ങളുടെ അറ്റം എത്തിക്കഴിഞ്ഞിരിക്കുകയാണ്. ഇത്തരം അവസ്ഥയിൽ പാക്കിസ്താനിലെ എല്ലാ അഹ്മദികളും ആനന്ദവും നിർവൃതിയുമുണ്ടാകുന്ന നമസ്കാരം അനുഷ്ഠിക്കാൻ പരിശ്രമിക്കുന്നതോടൊപ്പം മസ്ജിദുകളെ ജനനിബിഡമാക്കുന്നതിലേക്കും ശ്രദ്ധിക്കേണ്ടതാണ്.

കഴിഞ്ഞദിവസം പക്കിസ്താൻ ഖുദ്ദാമുൽ അഹ്മദിയ്യായുടെ ശൂറായിലെ തീരുമാനങ്ങൾ പ്രാവർത്തികമാക്കാനുള്ള ഒരു റിപ്പോർട്ടു വന്നു. അതിൽ അവർ എഴുതി:'അംഗസംഖ്യയുടെ അടിസ്ഥാത്തിൽ തർബിയ്യത്തുപരമായ തീരുമാനങ്ങളിൽ ഞങ്ങൾ ഇന്ന ഇന്ന വിജയങ്ങൾ കരസ്ഥമാക്കിയിരിക്കുന്നു.' വളരെ നല്ല കാര്യമാണ്. അഭിവൃദ്ധിയിലേക്ക് ചുവടുയർന്നിരിക്കുന്നു. ഈ തർബിയ്യത്തുപരമായ ഒരുപാടുകാര്യങ്ങളിൽ ഒന്നുണ്ടായിരുന്നത് എന്റെ ജുമുഅഖുത്ബ കേൾക്കുന്നതിലേക്ക് ഇത്ര ആയിരം ഖുദ്ദാമിന്റെ ശ്രദ്ധ ഉണ്ടായി എന്നതാണ്. പക്ഷേ, ചിന്താർഹമായ കാര്യം നമസ്കാരം ജമാഅത്തായിട്ടു നമസ്കരിക്കുന്ന ശീലമുള്ളവർ ജുമുആഖുത്ബ കേൾക്കുന്നവരുടെ ഏകദേശം മൂന്നിലൊന്നാണ്. അല്ലെങ്കിൽ കുറച്ചധികം. ഇപ്രകാരം നമസ്കാരശീലമുള്ള ഖുദ്ദാമിന്റെ എണ്ണവും ഖുത്ബ കേൾക്കുന്നവരെക്കാൾ വളരെ കുറവാണ്. അങ്ങേയറ്റം നിർബന്ധമായ ഈ അടിസ്ഥാനപരമായ നിർബന്ധ കടമയിലേക്കും അല്ലാഹുവിലേക്കും നമ്മുടെ ശ്രദ്ധ ഉണ്ടാകാതെ ഇങ്ങനെ ഖുത്ബ കേട്ടിട്ടു എന്തു ഫലമുണ്ടാകാനാണ്?

പറഞ്ഞതുപോലെ എല്ലാ ഓരോ രണ്ടാമത്തേയോ മൂന്നാമത്തേയോ ഖുത്ബയിൽ ജമാഅത്തായിട്ടുള്ള നമസ്കാരത്തെ കുറിച്ചോ ആരാധനകളെ കുറിച്ചോ ഞാൻ പറയാറുണ്ട്. അതിന്റെ സ്വാധീനംതന്നെ ഉണ്ടാകുന്നില്ലെങ്കിൽ വെറും അംസംഖ്യയുടെ കോളം പൂരിപ്പിക്കുന്നതുകൊണ്ട് ഒരു ഫലവുമില്ല. പാക്കിസ്താനിൽ അഹ്മദികളുടെ അവസ്ഥകൾ ഞാൻ പറഞ്ഞതുപോലെയാണ്. അതിനുശേഷവും അല്ലാഹുവിലേക്ക് ശ്രദ്ധ ഉണ്ടാകുന്നില്ലെങ്കിൽ ഇനി എപ്പോഴുണ്ടാകാനാണ്? ഞങ്ങൾ ഇങ്ങനെതന്നെയെ ഇരിക്കുകയുള്ളു ഞങ്ങളുടെ അവസ്ഥകൾ മാറ്റിത്തരേണ്ടത് അല്ലാഹുവിന്റെ ജോലിയാണ് എന്ന നിലയിൽ നമ്മൾ അല്ലാഹുവിനെ നഊദുബില്ലാഹ് പരീക്ഷിക്കാൻ ആഗ്രഹിക്കുകയാണോ? ഈ പ്രകടനമാണുണ്ടാകുന്നതെങ്കിൽ അല്ലാഹുവിനോടു പരാതിപ്പെടാൻ ഒരു അവകാശവുമില്ല. നിങ്ങളിഷ്ടപ്പെടുന്നത് ചെയ്തുകൊണ്ടിരിക്കുക, എന്നോടുള്ള കടമനിറവേറ്റുകയോ നിറവേറ്റാതിരിക്കുകയോ ചെയ്തുകൊള്ളുക നിങ്ങൾ മസീഹ് മൗഊദിനെ വിശ്വസിച്ചവരാണ് അതുകൊണ്ട് ഞാൻ നിങ്ങൾക്ക് വിജയം നല്കുമെന്ന് അല്ലാഹു ഒരിടത്തും പറഞ്ഞിട്ടില്ല. വിജയങ്ങൾ കരസ്ഥമാക്കുന്നതിന് സ്വന്തം അവസ്ഥകളെ അല്ലാഹുവിന്റെ തൃപ്തിയ്ക്കനുസരിച്ച് വാർത്തെടുക്കേണ്ടത് നിർബന്ധമാണ്.

ഖുദ്ദാമിന്റെ റിപ്പോർട്ടിനെ കുറിച്ച് ഞാൻ പ

റഞ്ഞു. ഇതിന്റെ അർഥം ഈ ബലഹീനത ഖുദ്ദാമിൽ മാത്രമാണെന്നല്ല. അൻസ്വാറിന്റെ അവസ്ഥയും ഇതുതന്നെയാണ്. അതിനാൽ പാക്കിസ്താനിലെ എല്ലാ അഹ്മദികളും ഇതിലേക്ക് ശ്രദ്ധനല്കേണ്ടത് നിർബന്ധമാണ്. വിജയങ്ങൾ ഉറങ്ങുന്നതുകൊണ്ട് ലഭിക്കില്ല. വിജയങ്ങൾ കൂസലില്ലായ്മകൊണ്ട് ലഭിക്കുകയില്ല. വിജയങ്ങൾ ലഭിക്കുന്നത് അതിർത്തിയിൽ കുതിരകളെ കെട്ടുന്നതിലൂടേയും താവളങ്ങൾ സ്ഥാപിക്കുന്നതിലൂടേയുമാണ് ലഭിക്കുന്നത്. പാക്കിസ്താനിൽനിന്ന് പുറപ്പെട്ട് വെളിയിൽ വന്നിട്ടുള്ളവരുടേയും അല്ലെങ്കിൽ പൊതുവെ എല്ലാ സ്ഥലങ്ങളിലുമുള്ള ജമാഅത്തിന്റേയും ഈ വികസിത രാജ്യങ്ങളിലേയും ലോകത്തെ ബാക്കിയുള്ള രാജ്യങ്ങളിലേയും അവസ്ഥയും ഇതുതന്നെയാണ്. വെളിയിൽ വന്നിട്ട് വലിയ നമസ്കാരക്കാരനായെന്നും അല്ലെങ്കിൽ എല്ലായിടത്തും നമസ്കാരക്കാരുണ്ടെന്നും നമുക്ക് പറയാൻ പറ്റുകയില്ല. ജമാഅത്തുകളെ പരിശോധിക്കുകയാണെങ്കിൽ നമസ്കാരങ്ങളുടെ കാര്യത്തിൽ ധാരാളം ദൗർബല്യങ്ങൾ കാണാൻ കഴിയുന്നതാണ്. നീതിയോടുകൂടി എല്ലാ രാജ്യത്തും എല്ലാ സംഘടനകളും ആത്മപരിശോധന നടത്തുകയാണെങ്കിൽ ഫലങ്ങൾ സ്വയമേവ മുന്നിൽ വരുന്നതായിരിക്കും. പക്ഷേ, പാക്കിസ്താനിൽനിന്ന് വെളിയിൽ വന്നിട്ടുള്ള ആളുകൾ പ്രത്യേകമായ നിലയിൽ ശ്രദ്ധിക്കേണ്ടത്, അല്ലാഹു അവരുടെമേൽ ചെയ്തിട്ടുള്ള കൃപയ്ക്ക് നന്ദിയും പറയണമെന്നതാണ്. അതിന്റെ പ്രകടനം നടത്തേണ്ടതെങ്ങനെയാണ്?

ചില ജമാഅത്തുകളിൽ നമസ്കാരത്തിന് നല്ല ഹാജർനിലയുണ്ടാകാറുണ്ട്. പക്ഷേ, എങ്കിലും ആരുടെ എങ്കിലും ഏതെങ്കിലുമൊക്കെ നമസ്കാരം പാഴായിപോകുന്നുണ്ടാകും. ഒന്നോ അരയോ പോലും നമസ്കരിക്കാത്ത പലരുമുണ്ട്. അതിനു ഒരു കാരണം ഞാൻ പറഞ്ഞതുപോലെ ജമാഅത്ത് വ്യവസ്ഥിതി അതിനെക്കുറിച്ച് പറയാത്തതാണ്.

ഒന്നാമതായി എന്റെ ഖുത്ബകൾ എല്ലാവരും കേൾക്കുന്നതന്നെയില്ല. നൂറുശതമാനം ആളുകളും കേൾക്കുന്നുവെന്നു പറയുന്നതും തെറ്റാണ്. കേൾക്കുകയാണെങ്കിൽത്തന്നെ സ്ഥിരമായി ഓർമപ്പെടുത്തേണ്ടത് ജമാഅത്തിന്റെ ജോലിയാണ്. തർബിയ്യത്തിലേക്ക് ശ്രദ്ധ ഉണ്ടാകുന്നതിനാണ് ജമാഅത്ത് വ്യസ്ഥിതി സ്ഥാപിക്കപ്പെട്ടിരിക്കുന്നത്.

കഴിഞ്ഞ ദിവസം ഇവിടെത്തെ ഒരു ജമാഅത്തിന്റെ മജ്ലിസെ ആമിലായുമായി കൂടിക്കാഴ്ച നടന്നിരുന്നു. അപ്പോൾ സ്വദ്ർ സാഹിബ് പറഞ്ഞു: ഞാൻ സ്വദ്റായ കാലംമുതൽ സാമ്പത്തിക വ്യവസ്ഥിതിയിലേക്ക് ഒരുപാട് ശ്രദ്ധിച്ചിരുന്നു. ഇപ്പോൾ നമ്മൾ അതിൽ വളരെ വേഗം മുന്നോട്ടുപൊയ്ക്കൊണ്ടിരിക്കുന്നു. ഞാൻ അവരോടു പറഞ്ഞു: നിങ്ങളുടെ ഈ ശ്രമം ശരിതന്നെയാണ്. പക്ഷേ, ഒരു മുഅ്മിന് അടിസ്ഥാനപരമായ നിർബന്ധകാര്യം നമസ്കാരമാണ്. ഇതിനുവേണ്ടി നിങ്ങൾ എന്തുശ്രമമാണ് നടത്തിയത്? ഇതിന് മൗനമായിരുന്നു മറുപടി. സുബ്ഹിയുടേയും ഇശായുടേയും ഹാജർനിലയെ സംബന്ധിച്ച് ഞാൻ ചോദിക്കുകയും വിലയിരുത്തുകയും ചെയ്തു. അതിൽ മുന്നിൽവന്ന കണക്ക് വളരെ മെച്ചപ്പെട്ടതായിരുന്നു. പക്ഷേ, അതിൽ ജമാഅത്തിന്റെ ഒരു ശ്രമവും ഉണ്ടായിരുന്നില്ല. ആനന്ദം ലഭിക്കുന്നതും നിർവൃതി ഉണ്ടാകുന്നതുമായ നമസ്കാരക്കാർ ഉണ്ടാകുകയാണെങ്കിൽ സാമ്പത്തിക വ്യവസ്ഥിതി സ്വയമേവ ശരിയാകുന്നതായിരിക്കും. കാരണം തഖ്വയുടെ നിലവാരം ഉയരുന്നതുകൊണ്ടുതന്നെയാണ് സാമ്പത്തിക ത്യാഗത്തിലേക്കും ശ്രദ്ധ ഉണ്ടാകുന്നത്. ഇതു മാത്രമല്ല മറിച്ച് എല്ലാവരും നമസ്കാരം ശരിയായ നിലയിൽ അനുഷ്ഠിക്കാൻ തുടങ്ങിയാൽ ഉമൂറെ ആമയുടേയും ഖളായുടേയും പ്രശ്നങ്ങളും ഒരു പരിധിവരെ പരിഹരിക്കപ്പെടുന്നതായിരിക്കും. എന്നല്ല മുഴുവൻ നമസ്കാരങ്ങളും ശരിയായ നിലയിൽ നിർവഹിക്കപ്പെടുകയാണെങ്കിൽ ബാക്കിയുള്ള വകുപ്പുകളും ആക്ടീവാ(active)കുന്നതായിരിക്കും.

ഇക്കാലത്ത് പാക്കിസ്താന്റെ മാത്രമല്ല ലോകത്തിന്റെ പൊതുവെയുള്ള അവസ്ഥകൾ എന്താണെന്നു വച്ചാൽ യുദ്ധത്തിന്റേയും നാശത്തിന്റേയും ഭീഷണി വളരെ വേഗം വർധിച്ചുകൊണ്ടിരിക്കുകയാണ്. ഭരണകൂടങ്ങളും ഇപ്പോൾ ഇതു പ്രകടിപ്പിക്കാൻ തുടങ്ങിയിരിക്കുന്നു. അതിനുവേണ്ടി കുറച്ചൊക്കെ നടപടികളും സ്വീകരിക്കാൻ തുടങ്ങിയിരിക്കുന്നു. ഇത്തരം നേരത്ത് അല്ലാഹുവിന്റെ അഭയം ഒന്നുമാത്രമേ രക്ഷപ്പെടുത്തുകയുള്ളു.

ഒരുപാടാളുകൾ എഴുതുന്നു: യുദ്ധം തുടങ്ങിയാൽ എന്താണുണ്ടാകുക? നമ്മൾ എന്തു ചെയ്യണം? അവർക്കുള്ള മറുപടി ആ അപകടങ്ങളിൽനിന്ന് രക്ഷപ്പെടണമെങ്കിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)പറഞ്ഞതുപോലെ അത്ഭുതങ്ങളുടെ കേദാരമായ അല്ലാഹുവിനെ സ്നേഹിക്കേണ്ടിവരും. ആ സ്നേഹത്തിനുള്ള ഒരേയൊരു വഴിയെയുള്ളു, നിങ്ങളുടെ നമസ്കാരങ്ങളേയും നിങ്ങളുടെ ആരാധനകളേയും അവന്റെ കല്പനയനുസരിച്ച് വാർത്തെടുത്ത് നിർവൃതിയും ആനന്ദവും ഉണ്ടാക്കാൻ നമ്മൾ ശ്രമിക്കുക.

ഭൂരിഭാഗമാളുകളും ഈ രാജ്യങ്ങളിൽ വന്നിട്ട് ഭൗതികമായ സമൃദ്ധികണ്ട് അല്ലാഹുവിനെ മറന്നുകളയുന്നു. അവർ വിചാരിക്കുന്ന് ഈ സമൃദ്ധി അവർക്ക് ഈ രാജ്യങ്ങളുടെ പുരോഗതി കാരണത്താൽ കിട്ടിയെന്നാണ്. ഇത്രമാത്രം വികസിതരായ ഇവർ ഏതു കർമങ്ങളും ഏതു ആരാധനകളും നടത്തിയിട്ടാണ് പുരോഗതിപ്രാപിച്ചതെന്നുള്ള ചിന്താഗതി ഉണ്ടാകുന്നു. നമ്മൾ അവരെക്കാൾ മെച്ചപ്പെട്ടവരാണ് അഞ്ചുനേര നമസ്കാരം നിർബന്ധമാണെങ്കിൽ അഞ്ചിൽ രണ്ടുമൂന്നെണ്ണം എന്തായാലും നമസ്കരിക്കുന്നവരാണെന്ന് ചിന്തിക്കുന്നവരുമുണ്ട്. നമ്മൾ ഓർക്കേണ്ടതാണ്, അല്ലാഹുവിനെ മറന്നു ജീവിക്കുന്നവർക്ക് അവസാനമാണ് ശിക്ഷ വിധിക്കപ്പെട്ടിട്ടുള്ളത്. അതുകൊണ്ട് അവരുടെ പിന്നാലെ നടക്കാതിരിക്കുക. നമുക്ക് അല്ലാഹുവിന്റെ പിടിത്തത്തിൽനിന്ന് രക്ഷപ്പെടണമെങ്കിൽ, നമ്മുടെ മക്കളെ രക്ഷപ്പെടുത്തണമെങ്കിൽ അവരുടെ ഈ ബാഹ്യമായ അവസ്ഥ നോക്കാതിരിക്കുക. മറിച്ച് അല്ലാഹു നമ്മളിൽനിന്ന് ആഗ്രഹിക്കുന്നതനുസരിച്ച് കർമങ്ങൾ ചെയ്യുക.

തന്റെ സത്തയിൽ വിശ്വസിച്ചതിനുശേഷം നമസ്കാരം നിലനിറുത്തുക എന്ന കല്പനയാണ് അല്ലാഹു നല്കിയിട്ടുള്ളത്. അതുകൊണ്ട് എല്ലാ അഹ്മദി പുരുഷന്മാരും സ്ത്രീകളും തങ്ങളുടെ നമസ്കാരങ്ങളെ കാത്തുസൂക്ഷിക്കേണ്ടതാണ്. പുരുഷന്മാർ പ്രത്യേകമായും ജമാഅത്തായിട്ടുള്ള നമസ്കാരത്തിലേക്ക് ഒരുപാട് ശ്രദ്ധിക്കേണ്ടതാണ്.

ഇക്കാലഘട്ടത്തിൽ ഹദ്റത്ത് മസീഹ് മൗഊദ് (അ) നമസ്കാരങ്ങളുടെ പ്രാധാന്യം, അത് അനുഷ്ഠിക്കേണ്ട മാർഗം, അതിന്റെ തത്ത്വം തുടങ്ങിയവയെ കുറിച്ച് വളരെ അധികം തുറന്ന് വിശദീകരിച്ചിട്ടുണ്ട്. അല്ലാഹു തന്റെ കൃപ ചൊരിഞ്ഞുകൊണ്ട് നമുക്ക് ആ മഹാത്മാവിനെ വിശ്വസിക്കാൻ തൗഫീഖും പ്രദാനം ചെയ്തു. പക്ഷേ, എന്നിട്ടും നമ്മൾ അടിസ്ഥാനപരമായ കാര്യത്തിൽ പ്രവർത്തിക്കുന്നില്ലെങ്കിൽ ഞാൻ പറഞ്ഞതുപോലെ രണ്ടുമൂന്നു നമസ്കാരങ്ങളിൽ അവസാനിപ്പിക്കുകയാണെങ്കിൽ-അനഹ്മദികളും ഇങ്ങനെതന്നെയാണ് ചെയ്യുന്നത്-ഈ ബയ്അത്തുകൊണ്ട് ഒരു പ്രയോജനവുമില്ല.

നമസ്കാരങ്ങളിൽ ഏതു നിലവാരത്തിലാണ് ഹദ്റത്ത് മസീഹ് മൗഊദ്(അ) നമ്മെ കാണാൻ ആഗ്രഹിക്കുന്നത്? ഇതുസംബന്ധമായി ഏതേതെല്ലാം രീതിയിൽ അവിടന്ന് നമുക്ക് മനസ്സിലാക്കിത്തന്നു? അതിനുള്ള ആ മഹാത്മാവിന്റെ ചില നിർദേശങ്ങൾ സമർപിക്കുകയാണ്. ഒരു മുഅ്മിൻ ലാ ഇലാഹ ഇല്ലാല്ലാഹ് എന്ന കലിമ ചൊല്ലി തൗഹീദ് വിളംബരം ചെയ്യുന്നു. എന്താണ് തൗഹീദ്? ഇതുസംബന്ധമായി ഹദ്റത്ത് മസീഹ് മൗഊദ് (അ)പറയുന്നു:

“നല്ലവണ്ണം ഓർത്തുകൊള്ളുക! വീണ്ടും ഓർത്തുകൊള്ളുക! അന്യദൈവങ്ങളുടെ മുമ്പിൽ കുമ്പിടൽ അല്ലാഹുവുമായുള്ള ബന്ധം മുറിക്കലാണ്.(അല്ലാഹുവുമായിട്ടുള്ള ബന്ധം അവസാനിപ്പിക്കലാണ്). ‘നമസ്കാരവും തൗഹീദും എന്തുമാകട്ടെ’ (സ്വയം പറയുന്നു, തൗഹീദിന്റെ കർമപരമായ പ്രകടനം തന്നെയാണ് നമസ്കാരം. തൗഹീദിന്റെ വാദം വായകൊണ്ടു നടത്തി പക്ഷേ, തൗഹീദിന്റെ കർമപരമായ പ്രകടനത്തിന്റെ പേരാണ് നമസ്കാരം.) പറഞ്ഞു: ‘നമസ്കാരവും തൗഹീദും എന്തുമാകട്ടെ...... അതിൽ വണക്കത്തിന്റേയും വിനയത്തിന്റേയും ആത്മാവും ഋജുവായ മനസ്സും ഇല്ലെങ്കിൽ അനുഗ്രഹരഹിതവും നിഷ്ഫലും ആയിത്തീരുന്നു.’ പറഞ്ഞു: ‘കേൾക്കുക! ഉദ്ഊനി യസ്തജിബ് ലക്കും (എന്നെ വിളിക്കുക, ഞാൻ നിങ്ങൾക്ക് ഉത്തരം നല്കും) എന്ന ദുആയ്ക്കുവേണ്ടിയാണ് ഈ സത്യസന്ധമായ ആത്മാവ് ആവശ്യമായിട്ടുള്ളത്. ഈ വിനയം കാണിക്കലിലും ഭയഭക്തിയിലും യഥാർഥമായ ആത്മാവില്ലെങ്കിൽ അത് വെറും തത്തമ്മേ പൂച്ചപൂച്ച എന്ന തത്തയുടെ ശബ്ദത്തിൽനിന്ന് ഒട്ടും കുറവല്ല. (മൽഫൂദാത്ത് വാല്യം 9 പേജ് 12 1985 ലണ്ടൻ പതിപ്പ്) (അതായത് തത്ത എങ്ങനെയാണോ സംസാരിക്കുന്നത് അതുപോലെയാണ്). സത്യമായ ചൈതന്യമുണ്ടാക്കേണ്ടതാണ്. ഭക്തിവിനയാദിനമ്രഭാവങ്ങൾ ഉണ്ടാക്കേണ്ടതാണ്. അതില്ലെങ്കിൽ ഒരു പ്രയോജനവുമില്ല.

മുമ്പേയും പറഞ്ഞതുപോലെ ദുആയിൽ വിനയവും കേണപേക്ഷിക്കലുമുണ്ടെങ്കിൽ അല്ലാഹു അത് സ്വീകരിക്കുന്നതാണ്. അവിടന്ന് പിന്നീട് ഖിയാം റുക്കൂഅ് സുജൂദ് തുടങ്ങി നമസ്കാരത്തിലെ വിവിധ അവസ്ഥകൾ വ്യക്തമാക്കി. ഈ എല്ലാ അവസ്ഥകളും ഒരു അസ്വസ്ഥയുടെ അവസ്ഥ പ്രകടിപ്പിക്കുന്നു. മനുഷ്യന്റെ ഒരു വ്യാകുലത പ്രകടിപ്പിക്കുന്നു. അവൻ ചിലപ്പോൾ ഇരിക്കുകയും ചിലപ്പോൾ എഴുന്നേല്ക്കുകയും ചെയ്യുന്നു. ചിലപ്പോൾ സുജൂദിൽ പോകുന്നു. ബാഹ്യമായ അസ്വസ്ഥതയുടെ ഈ അവസ്ഥകൾ കാരണത്താൽ പറഞ്ഞു, ആ അവസ്ഥകൾ കാരണത്താൽ മനസ്സിൽ മനസ്താപവും കേഴലും ഉണ്ടാകേണ്ടതാണ്. അത്തരം അവസ്ഥ ഉണ്ടാകുമ്പോൾ പിന്നീട് സുജൂദിന്റെ അവസ്ഥയിലും ഖിയാമിലും റുക്കൂഇലും ആനന്ദവും നിർവൃതിയും കരസ്ഥമാകുന്നതായിരിക്കും.

പിന്നീട് ദാസത്വത്തിന്റെ സ്ഥാനവും യഥാർഥമായ വിനയവും പാപങ്ങളെ കരിച്ചു നശിപ്പിക്കുന്ന നമസ്കാരത്തെ വ്യക്തമാക്കിക്കൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു:

‘മനുഷ്യന്റെ ആത്മാവ് പൂർണമായും കാലിയാകുമ്പോൾ(എപ്പോഴും വിനയവും താനൊന്നുമല്ല എന്ന് മനസ്സിലാക്കുകയും ചെയ്യുന്നു) അത് അല്ലാഹുവിലേക്ക് ഒരു അരുവി എന്നപോലെ ഒഴുകുന്നു. (വിനയമുണ്ടാകുമ്പോഴാണ് അല്ലാഹുവിലേക്ക് ഒഴുകുന്നത്). അല്ലാഹുവല്ലാതെ മറ്റെല്ലാത്തിനോടും പൂർണമായും ബന്ധം വിച്ഛേദിക്കപ്പെടുന്നു. ആ നേരത്ത് അല്ലാഹുവിന്റെ സ്നേഹം അവനിൽ പതിയുന്നു.” മനുഷ്യൻ പരിശ്രമിക്കുകയും അല്ലാഹുവിനോടു ഫള്ല് ചോദിക്കുകയും അല്ലാഹുഅല്ലാത്ത മറ്റെല്ലാത്തിനോടും ബന്ധം വിച്ഛേദിക്കുകയും ചെയ്യുമ്പോൾ അല്ലാഹുവിന്റെ ഈ സ്നേഹം അവനിൽ വീഴുന്നു. അല്ലാഹുവിന്റെ ഈ സ്നേഹം മനുഷ്യനിൽ വീഴുമ്പോൾ പിന്നീട് അവിടന്ന് പറഞ്ഞു, പാപം കരിഞ്ഞ് ഇല്ലാതാകുന്നു. അതിനുശേഷം നമസ്കാരങ്ങളിൽ സ്ഥിരമായ നിർവൃതിയുടെ അവസ്ഥ ഉണ്ടാകുന്നു.’ (മൽഫൂദാത്ത് വാല്യം 9 പേജ് 10 1985 ലണ്ടൻ പതിപ്പ്)

നമ്മുടെ നമസ്കാരങ്ങൾ നമുക്ക് നിർവൃതി നല്കുന്നില്ലെന്ന് പരാതിപ്പെടുന്നതിനും അല്ലെങ്കിൽ അത്തരം വിചാരം മനസ്സിൽ കൊണ്ടുവരുന്നതിനും പകരം നമുക്ക് അല്ലാഹുവുമായി പ്രത്യേക ബന്ധം ഉണ്ടാക്കുന്നതിന് ശ്രമിക്കേണ്ടതാണ്. നമ്മൾ വെറും തലകുത്തിമറിയുകയാണോ അതോ നമ

സ്കാരത്തിനോടുള്ള കടമ നിറവേറ്റുകയാണോ എന്ന നമ്മുടെ അവസ്ഥകൾ നോക്കുക. നമസ്കാരത്തിൽ പ്രകാശവും ആനന്ദവും പ്രാപിക്കുന്നതിന്റെ രീതിയെ കുറിച്ച് കൂടുതൽ വിശദീകരിച്ചുകൊണ്ട് അവിടന്ന് പറയുന്നു:

'ഒന്നാമതായി നമസ്കാരം വേരുറച്ച ഒരു ശീലം പോലെ നിലകൊള്ളാനും അല്ലാഹുവിലേക്ക് മടങ്ങുന്നുവെന്ന ചിന്ത ഉണ്ടാകുന്നതിനും നിർബന്ധമായും അനുഷ്ഠിക്കലും പാലിക്കലും വളരെ ആവശ്യമായ കാര്യമാണ്. (ദൃഢമായിട്ടുള്ള ശീലമായിത്തീരണം). 'അല്ലാഹുവിലേക്ക് മടങ്ങുന്നുവെന്ന വിചാരമുണ്ടാകണം.'(അല്ലാഹുവിലേക്ക് പോകുന്നുവെന്ന വിചാരം മനസ്സിലുണ്ടാകണം. ഇക്കാര്യങ്ങൾ ഉണ്ടാകുമ്പോൾ ദൃഢമായ ശീലമുണ്ടാകുമ്പോൾ) "പിന്നീട് പതുക്കെപ്പതുക്കെ സർവവും വിച്ഛേദിക്കപ്പെട്ട അവസ്ഥയിൽ മനുഷ്യൻ ഒരു പ്രകാശത്തിന്റേയും ഒരു നിർവൃതിയുടേയും അനന്തരാവകാശിയാകുന്ന നേരം സ്വയം ഉണ്ടായി വരുന്നതാണ്."(മൽഫൂദാത്ത് വാല്യം 9 പേജ് 11 1985 ലണ്ടൻ പതിപ്പ്)

പിന്നീട് മനുഷ്യൻ ഭൗതികലോകത്തുനിന്ന് വിച്ഛേദിക്കപ്പെടുന്നു. അല്ലാഹുവിലേക്ക് ശ്രദ്ധ ഉണ്ടാകുന്നു. അതുകഴിഞ്ഞാൻ നമസ്കാരങ്ങളിൽ ആനന്ദവും നിർവൃതിയും വരാൻ തുടങ്ങുന്നു.

അതുകൊണ്ട് ആദ്യം നമസ്കാരശീലം നിർബന്ധമാണ്. നമസ്കാരത്തിന്റെ ഫലം കണ്ടാലുംവേണ്ടില്ല. കണ്ടില്ലെങ്കിലും വേണ്ടില്ല, തന്നെ സ്വയം നമസ്കാരങ്ങളുടെ ബന്ധനസ്ഥനാക്കേണ്ടത് അനിവാര്യമാണ്. കാരണം അത് നിർബന്ധമാണ്. താൻ ഏതവസ്ഥയിലും അല്ലാഹുവിലേക്കുതന്നെ മടങ്ങേണ്ടവനാണെന്നും ഏതാവശ്യത്തിനും അവന്റെ അടുത്തുതന്നെ പോകേണ്ടതാണെന്നും അവനോടുതന്നെ ചോദിക്കേണ്ടതാണെന്നും മനസ്സിലാക്കിയുള്ള ശീലം അത്യാവശ്യമാണ്. ഈ സ്ഥിരമായ സ്വഭാവം നിലനില്ക്കുകയാണെങ്കിൽ നമസ്കാരങ്ങളോടുള്ള കടമ നിറവേറ്റപ്പെടുന്ന ഒരു നേരവും വരുന്നതാണ്. നമസ്കാരങ്ങളോടുള്ള കടമയും നിറവേറാനും നമസ്കാരങ്ങളിൽ നിർവൃതി ഉണ്ടാകാനും തുടങ്ങുന്നതായിരിക്കും.

ചോദിക്കുമ്പോൾ താൻ നമസ്കരിക്കാൻ ശ്രമിക്കുന്നുണ്ടെന്നും പക്ഷേ, മടിയുണ്ടാകുന്നുവെന്നും ചിലയാളുകൾ മറുപടി പറയാറുണ്ട്. അവിടന്ന് ഒരു അവസരത്തിൽ പറഞ്ഞു, മടിയുണ്ടാകുന്നതു തന്നെ നമസ്കാരത്തിന് പ്രാധാന്യം ഉണ്ടാകാതിരിക്കുമ്പോഴാണ്.'(മൽഫൂദാത്ത് വാല്യം 9 പേജ് 6–7 1985 ലണ്ടൻ പതിപ്പ്)അല്ലാഹു അല്ലാത്തവരെ മനുഷ്യൻ കൂടതുൽ പ്രധാനപ്പെട്ടവനായി മനസ്സിലാക്കുന്നു. അല്ലാഹുവിൽ സമ്പൂർണ വിശ്വാസമുണ്ടെങ്കിൽ മടിയുണ്ടാകുന്നതെങ്ങനെയാണ്. അതിനാൽ ഇന്ന് ലോകത്തുണ്ടായിക്കൊണ്ടിരിക്കുന്ന അവസ്ഥയുടെ ദുസ്സ്വാധീനത്തിൽനിന്ന് നിങ്ങളേയും നിങ്ങളുടെ മക്കളേയും രക്ഷിക്കുന്നതിന് അല്ലാഹുവിലേക്ക് ആത്മാർഥമായും കുനിയേണ്ടത് വളരെ ആവശ്യമാണ്. ഈ കുനിയുന്നതിനുള്ള ഉത്തമമായ മാർഗം അല്ലാഹുവും അവന്റെ റസൂലും ഇക്കാലഘട്ടത്തിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)ഉം പറഞ്ഞിട്ടുള്ളത് നമസ്കാരം നിർവഹിക്കുന്നതിലേക്കും കാത്തു സൂക്ഷിക്കുന്നതിലേക്കും നമ്മൾ ശ്രദ്ധിക്കുക എന്നാണ്.

ഹദ്റത്ത് മസീഹ് മൗഊദ്(അ) ഒരിടത്ത് പറയുന്നു: 'ഈ ജമാഅത്തിൽ പ്രവേശിക്കുന്നതിന്റെ ഉദ്ദേശ്യം ഭൗതികമായിരിക്കരുത്. മറിച്ച് അല്ലാഹുവിന്റെ സംപ്രീതിയായിരിക്കണം ലക്ഷ്യം. കാരണം ലോകം എന്നത് കഴിഞ്ഞുപോകാനുള്ള ഇടമാണ്. അതെങ്ങനെയെങ്കിലും കഴിഞ്ഞുപോകുകതന്നെ ചെയ്യും. ഫാർസി പദ്യത്തിലെ ഒരു വരിയുണ്ട്. അവിടന്ന് പറഞ്ഞു,

ശബെ തന്നൂർ ഗുസശ്ത്
വ ശബ് സമൂർ ഗുസശ്ത്

(രാത്രി തണുപ്പാണെങ്കിലും ചൂടാണെങ്കിലും കഴിഞ്ഞുപോകുക തന്നെചെയ്യും. അവസ്ഥകൾ നല്ലാതാണെങ്കിലും മോശമാണെങ്കിലും കടന്നുപോകുകതന്നെചെയ്യും).പറഞ്ഞു: 'ദുൻയാവിനേയും അതിന്റെ ഉദ്ദേശ്യങ്ങളേയും ലക്ഷ്യങ്ങളേയും തികച്ചും വേറെ വെക്കുക. അവയെ ദീനുമായി ഒരിക്കലും കൂട്ടിക്കലർത്തരുത്. കാരണം ദുൻയാവ് നശിക്കാൻപോകുന്ന വസ്തുവാണ്. ദീനും അതിന്റെ ഫലങ്ങളും ബാക്കിയാകുന്നവയാണ്. ദുൻയാവിന്റെ ആയുസ്സ് വളരെ കുറച്ചാണ്. ഓരോ നിമിഷത്തിലും ഓരോശ്വാസത്തിലും ആയിരക്കണക്കിന് മരണങ്ങൾ നടക്കുന്നത് നിങ്ങൾ കാണുന്നു. വിവിധരീതിയിലുള്ള പകർച്ചവ്യാധികളും രോഗങ്ങളും ദുൻയാവിനെ അവസാനിപ്പിച്ചുകൊണ്ടിരിക്കുന്നു. ചിലപ്പോൾ കോളറ നശിപ്പിക്കുന്നു. ഇപ്പോൾ പ്ലേഗ് നശിപ്പിച്ചുകൊണ്ടിരിക്കുന്നു." (അക്കാലഘട്ടത്തിൽ പ്ലേഗ് പടർന്നുപിടിച്ചിരുന്നു). ആര് എപ്പോൾവരെ ജീവിച്ചിരിക്കുമെന്ന് ആർക്കാണ് അറിയുക. മരണം എപ്പോൾ വരുമെന്ന് അറിയാത്ത സ്ഥിതിക്ക് അതിൽ അശ്രദ്ധനായിരിക്കുക എന്നത് എത്രമാത്രം തെറ്റും അസഭ്യവുമാണ്. അതുകൊണ്ട് ആഖിറത്തിനെ സംബന്ധിച്ച് ചിന്തിക്കേണ്ടത് നിർബന്ധമാണ്. ആരാണോ ആഖിറത്തിനെ കുറിച്ച് ചിന്തിക്കുന്നത് അല്ലാഹു ഇഹലോകത്ത് അവന്റെമേൽ കരുണ ചൊരിയുന്നതാണ്. മനുഷ്യൻ കാമിൽ മുഅ്മിൻ ആകുമ്പോൾ അവനും മറ്റുള്ളവരും തമ്മിൽ വ്യത്യാസമുണ്ടാക്കുമെന്നത് അല്ലാഹുവിന്റെ വാഗ്ദാനമാണ്. അതുകൊണ്ട് ആദ്യം മുഅ്മിനാകുക. ദൈവഭയത്തിലും ദൈവഭക്തിയിലും അധിഷ്ഠിതമായ ബയ്അത്തിന്റെ നിഷ്ക്കളങ്കമായ ഉദ്ദേശ്യത്തോടൊപ്പം ഭൗതികമായ ഉദ്ദേശ്യങ്ങൾ കൂട്ടിക്കലർത്താതിരിക്കുമ്പോഴാണ് അത് സാധ്യമാകുന്നത്. നമസ്കാരങ്ങൾ കൃത്യനിഷ്ഠയോടെ അനുഷ്ഠിക്കുക. തൗബയിലും ഇസ്തിഗ്ഫാറിലും മുഴുകുക. മനുഷ്യകുലത്തിന്റെ അവകാശങ്ങൾ സംരക്ഷിക്കുക. ആരേയും വിഷമിപ്പിക്കാതിരിക്കുക. സന്മാർഗത്തിലും പരിശുദ്ധിയിലും അഭിവൃദ്ധിപ്പെടുക. എന്നാൽ, അല്ലാഹു എല്ലാ തരത്തിലുള്ള ഫള്ലുകളും ചെയ്യുന്നതാണ്. നമസ്കരം കൃത്യമായി നിർവഹിക്കാൻ നിങ്ങളുടെ വീട്ടിൽ സ്ത്രീകളേയും ഉപദേശിക്കുക. പരാതികളിൽനിന്നും പരിഭവങ്ങളിൽനിന്നും പരദൂഷണങ്ങളിൽനിന്നും അവരെ തടയുക. പരിശുദ്ധിയും സന്മാർഗവും അവരെ പഠിപ്പിക്കുക. നമുക്കുള്ള നിബന്ധന കേവലം മനസ്സിലാക്കിത്തരിക എന്നതാണ്. അതനുസരിച്ചുള്ള പ്രവർത്തനം നിങ്ങളുടെ ജോലിയാണ്.' (മൽഫൂദാത്ത് വാല്യം 6 പേജ് 145–146 1985 ലണ്ടൻ പതിപ്പ്)

മറ്റുള്ളവർക്കും സ്ത്രീകൾക്കും കുട്ടികൾക്കും മനസ്സിലാക്കിക്കൊടുക്കുന്നതിന് ആദ്യം സ്വയം സത്യസന്ധതയുടേയും വിശ്വസ്തതയുടേയും മാതൃക കാണിക്കേണ്ടിവരും.

പിന്നീട് പറഞ്ഞു: 'അഞ്ചുനേരവും നിങ്ങളുടെ നമസ്കാരങ്ങളിൽദുആചെയ്യുക.മാതൃഭാഷയിലും ദുആ ചെയ്യുന്നത് വിരോധമല്ല. ഹൃദയസാന്നിധ്യമുണ്ടാകാത്തിടത്തോളം നമസ്കാരത്തിന്റെ ആനന്ദമുണ്ടാകുകയില്ല.'(അതായത് പ്രത്യേക ശ്രദ്ധയില്ലെങ്കിൽ)."വിനയമുണ്ടാകാത്തിടത്തോളം ഹൃദയസാന്നിധ്യമുണ്ടാകുകയില്ല. എന്താണ് ചൊല്ലുന്നതെന്ന് മനസ്സിലാകുമ്പോഴാണ് വിനയമുണ്ടാകുന്നത്. അതുകൊണ്ട് സ്വന്തം ഭാഷയാകുമ്പോൾ നിങ്ങളുടെ ഉദ്ദേശ്യങ്ങൾ അവതരിപ്പിക്കുന്നതിന് ആവേശവും വേവലാതിയും ഉണ്ടാകാവുന്നതാണ്. എന്നാൽ, ഇതിന്റെ ഉദ്ദേശ്യം നമസ്കാരം മുഴുവൻ മാതൃഭാഷയിൽ നമസ്കരിക്കുക എന്നതല്ല. ഞാൻ പറഞ്ഞതിന്റേ ഉദ്ദേശ്യം സുന്നത്താക്കപ്പെട്ട ദുആകൾക്കും ദൈവസ്മരണകൾക്കും ശേഷം നിങ്ങളുടെ ഭാഷയിലും ദുആകൾ ചെയ്യുക എന്നാണ്. നമസ്കാരത്തിന്റെ വാക്കുകളിൽ അല്ലാഹു ഒരു ബർക്കത്ത് വെച്ചിട്ടുണ്ട്. ദുആയുടെതന്നെ പേരാണ് നമസ്കാരം. അതുകൊണ്ട് നിങ്ങളെ ദുൻയാവിലേയും ആഖിറത്തിലേയും ആപത്തുകളിൽ നിന്ന് രക്ഷിക്കാനും പര്യവസാനം ശുഭകരമാകാനും നിങ്ങളുടെ സകല ജോലികളും അവന്റെ ഇഷ്ടത്തിനനുസരിച്ചാകാനും നമസ്കാരങ്ങളിൽ ദുആ ചെയ്യുക. നിങ്ങളുടെ ഭാര്യാമക്കൾക്കുവേണ്ടിയും ദുആ ചെയ്യുക. നല്ല മനുഷ്യരാകുക. എല്ലാവിധ തിന്മകളിൽനിന്നും രക്ഷപ്പെട്ടിരിക്കുക."(മൽഫൂദാത്ത് വാല്യം 6 പേജ് 145–146 1985 ലണ്ടൻ പതിപ്പ്)

അല്ലാഹു നമുക്ക് നമസ്കാരങ്ങളെ കാത്തുസൂക്ഷിക്കാനും അതു കൃത്യമായി അനുഷ്ഠിക്കാനും നമ്മുടെ നമസ്കാരങ്ങളെ അല്ലാഹുവിന്റെ തൃപ്തിക്കുവേണ്ടി മാത്രം നിറവേറ്റാനും തൗഫീഖ് നല്കുമാറാകട്ടെ. നമ്മുടെ നമസ്കാരങ്ങളിൽ ആനന്ദവും നിർവൃതിയും ഉണ്ടാക്കുമാറാകട്ടെ. ഒരിക്കലും നമ്മളതിൽ അലസത കാണിക്കുന്നവരാവാതിരിക്കട്ടെ. ഇന്ന് ലോകത്തിലെ വിപത്തുകളിൽനിന്നും നാശങ്ങളിൽനിന്നും നമുക്ക് രക്ഷപ്പെടാൻ കഴിയുന്നത് അല്ലാഹുവിന്റെ ദാസത്വത്തിന്റെ കടമ നിറവേറ്റുന്നവരാകുമ്പോഴാണെന്ന യാഥാർഥ്യം മനസ്സിലാക്കുന്നവരാകട്ടെ. അല്ലാഹു നമുക്കിതിന് തൗഫീഖ് നല്കുമാറാകട്ടെ.




പേജ് 1ൽ നിന്ന്

ക്കാൾ അധികമാണിത്. നബി(സ)തിരുമേനിയുടേത് 23 വർഷമായിരുന്നു. ഇതാണെങ്കിൽ 30 വർഷത്തിന് അടുത്തെത്തിയിരിക്കുന്നു. എന്റെ ഈ പ്രബോധനകാലം എത്രത്തോളമുണ്ടെന്ന് അല്ലാഹുവിനെ അറിയൂ. ദൈവത്തിനുമേൽ കറ്റുകെട്ടി പറയുന്നവൻ, വ്യാജ ഇൽഹാം വാദി താൻ കറ്റുകെട്ടിപറഞ്ഞതു മുതൽ 30 വർഷംവരേയും ജീവിച്ചിരിക്കാവുന്നതാണെന്ന് ഇക്കൂട്ടർ മൗലവിമാരായിരുന്നിട്ടും പറയുന്നു. ദൈവം അവനെ സഹായിക്കുകയും തുണയ്ക്കുകയും ചെയ്യുന്നതാണത്രെ! പക്ഷേ, അതിന് തെളിവൊന്നും സമർപ്പിക്കുന്നുമില്ല. അല്ലയോ കടിഞ്ഞാണില്ലാത്തവരെ!കളവു പറയുന്നതും മാലിന്യം തിന്നുന്നതും തുല്യമാണ്. അല്ലാഹു തന്റെ കരുണയും ദയയുംകൊണ്ട് എന്നോടു പെരുമാറി. എത്രത്തോളമെന്നാൽ ഈ സുദീർഘമായ കാലത്തിന്നിടയിൽ[1] എന്റെ എല്ലാ ഓരോ ദിവസവും എനിക്ക് അഭിവൃദ്ധിയുടേതായിരുന്നു. എന്നെ നശിപ്പിക്കുന്നതിനുവേണ്ടി കൊടുത്തിരുന്ന ഓരോകേസ്സിലും അല്ലാഹു ശത്രുക്കളെ അപമാനിതരാക്കി. ഈ ദീർഘ കാലത്തിനും ഈ തുണയ്ക്കും സഹായത്തിനും നിങ്ങളുടെ പക്കൽ തെളിവുണ്ടെങ്കിൽ സമർപിക്കുക. ഇല്ലെങ്കിൽ വലൗ തഖവ്വല അലയ്നാ എന്ന ആയത്തനുസരിച്ച് ഈ അടയാളവും പുലർന്നിരിക്കുന്നു. നിങ്ങൾ ചോദിക്കപ്പെടുന്നതാണ്.(റൂഹാനീ ഖസായിൻ വാല്യം 22 ഹഖീഖത്തുൽ വഹ്യ് പേജ് 213–215)

*1. എന്റെ ഇൽഹാമിനെ ബറാഹീനെ അഹ്മദിയ്യാ ഒന്നാം ഭാഗം പ്രസിദ്ധീകരിച്ചതുമുതൽ കണക്കു കൂട്ടുകയാണെങ്കിൽ ഈ വർഷത്തോടെ അത് 27 വർഷത്തിനടുത്തായിരിക്കുന്നു. ബറാഹീനെ അഹ്മദിയ്യായുടെ നാലാം ഭാഗം കണക്കാക്കുകയാണെങ്കിൽ 25 വർഷം കഴിഞ്ഞിരിക്കുന്നു. ആദ്യ ഇൽഹാം ഉണ്ടായതുമുതൽ കണക്കുകൂട്ടുകയാണെങ്കിൽ 30 വർഷമായി.*

EDITOR
H.Shamsuddin

Sub Editor : Mohammad Ismaeel
Mobile : +91-94466-56123
e-mail : badarkerla@gmail.com

(Title Code:- PUNMAL00001)

ബദ്ർ വീക്കിലി ഖാദിയാൻ

The Weekly **BADAR** Qadian

Distt. Gurdaspur (Pb.) INDIA Qadian - 143516

Vol-2 Thursday 23 February 2017 Issue-8

MANAGER
NAWAB AHMAD
Tel : +91-1872-224757
Mobile: +91-94170-20616
e-mail : managerbadrqnd@gmail.com
website : www.alislam.org/badr
ANNUAL SUBSCRIPTION Rs.300/-

# എപ്പോഴും ഖിലാഫത്തുമായി ബന്ധപ്പെട്ടിരിക്കാൻ ഞാൻ നിങ്ങളെ ഉപദേശിക്കുന്നു

**കാലത്തിന്റെ ഖലീഫയുടെ ദുആകൾ അനുസരണത്തിന്റെ ഉന്നതമായ നിലവാരത്തിൽ നിൽക്കുന്നവർക്കായി കൂടുതൽ സ്വീകരിക്കപ്പെടുന്നു. നിങ്ങൾക്കുള്ള എന്റെ ഉപദേശം ഇതാണ്. കാലത്തിന്റെ ഖലീഫയുടെ കാര്യങ്ങൾ കേട്ടുകൊണ്ട് അതിവേഗം അതനുസരിച്ച് പ്രവർത്തിക്കാൻ തുടങ്ങുക**

## 2016 ലെ മജ്‌ലിസ് അൻസ്വാറുല്ലാഹ് ഭാരതിന്റെ ഇജ്‌തിമായുടെ അവസരത്തിൽ അമീറുൽമുഅ്മിനീൻ അയച്ച സന്ദേശം

പ്രിയപ്പെട്ട അൻസ്വാർ സഹോദരങ്ങളേ,

السلام علیکم ورحمة اللہ وبرکاتہ

ഭാരത മജ്‌ലിസ് അൻസ്വാറുല്ലായ്ക്ക് ഈ വർഷവും തങ്ങളുടെ വാർഷിക ഇജ്‌തിമ സംഘടിപ്പിക്കുന്നതിന് സൗഭാഗ്യം ലഭിച്ചുകൊണ്ടിരിക്കുന്നു എന്ന റിഞ്ഞതിൽ എനിക്ക് അതിയായ സന്തോഷമുണ്ട്. അല്ലാഹു ഈ ഇജ്‌തിമ എല്ലാവിധത്തിലും അനുഗൃഹീതമാക്കട്ടെ ആമീൻ. ഈ അവസരത്തിൽ സന്ദേശമയച്ചുകൊടുക്കാൻ എന്നോട് അപേക്ഷിച്ചിരിക്കുകയാണ്. എപ്പോഴും ഖിലാഫത്തുമായി ബന്ധപ്പെട്ടിരിക്കാൻ ഞാൻ നിങ്ങളെ ഉപദേശിക്കുന്നു. അല്ലാഹു വിശുദ്ധഖുർആനിലെ നൂർ എന്ന അധ്യായത്തിലെ 56-ാം വചനത്തിൽ പറയുന്നു

اللّٰہُ الَّذِیۡنَ اٰمَنُوۡا مِنۡکُمۡ وَ عَمِلُوا الصّٰلِحٰتِ لَیَسۡتَخۡلِفَنَّہُمۡ فِی الۡاَرۡضِ کَمَا اسۡتَخۡلَفَ الَّذِیۡنَ مِنۡ قَبۡلِہِمۡ ۪ وَ لَیُمَکِّنَنَّ لَہُمۡ دِیۡنَہُمُ الَّذِی ارۡتَضٰی لَہُمۡ وَ لَیُبَدِّلَنَّہُمۡ مِّنۡۢ بَعۡدِ خَوۡفِہِمۡ اَمۡنًا ؕ یَعۡبُدُوۡنَنِیۡ لَا یُشۡرِکُوۡنَ بِیۡ شَیۡئًا ؕ وَ مَنۡ کَفَرَ بَعۡدَ ذٰلِکَ فَاُولٰٓئِکَ ہُمُ الۡفٰسِقُوۡنَ ○

നിങ്ങളിൽനിന്ന് വിശ്വസിക്കുകയും സൽക്കർമങ്ങളനുഷ്ഠിക്കുകയും ചെയ്യുന്നവരോട് അവർക്കു മുമ്പേയുള്ളവരെ ഖലീഫമാരാക്കിയതുപോലെ തീർച്ചയായും അവരേയും ഭൂമിയിൽ ഖലീഫമാരാക്കുകയും അവർക്കായി അവൻ തൃപ്തിപ്പെട്ട മതത്തെ അവർക്ക് പ്രബലപ്പെടുത്തിക്കൊടുക്കുകയും, അവരുടെ ഭയത്തിനുശേഷം രക്ഷയും സമാധാനവും അവർക്ക് പകരം നല്കുകയും ചെയ്യുന്നതാണെന്ന് അല്ലാഹു വാഗ്ദാനം ചെയ്തിരിക്കുന്നു. അവർ എന്നെ മാത്രം ആരാധിക്കുന്നതാണ്; എന്നോടു മറ്റൊന്നിനേയും അവർ പങ്കു ചേർക്കുകയില്ല. അതിനുശേഷം ആരെങ്കിലും നിഷേധിക്കുകയാണെങ്കിൽ അവർ തന്നെയാണ് ധിക്കാരികൾ.

ഇക്കാലത്ത് അല്ലാഹു ഈ വാഗ്ദാനം സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വിയോഗത്തിനുശേഷം അദ്ദേഹത്തിന്റെ ശിഷ്യന്മാർക്കുവേണ്ടി പൂർത്തിയാക്കിയിരിക്കുന്നു. ആ മഹാത്മാവ് തന്റെ പ്രിയപ്പെട്ട ജമാഅത്തിനെ ഖിലാഫത്തിന്റെ എന്നെന്നും നിലനില്ക്കുന്ന വ്യവസ്ഥിതിയുടെ സന്തോഷ വാർത്ത അറിയിക്കുകയുണ്ടായി. അവിടന്ന് പറഞ്ഞു. അല്ലയോ പ്രിയപ്പെട്ടവരേ, പണ്ടുപണ്ടേയുള്ള അല്ലാഹുവിന്റെ നടപടിക്രമമാണിത്. എതിരാളികളുടെ രണ്ട് വ്യാജമായ സന്തോഷങ്ങളെ ഉന്മൂലനം ചെയ്ത് കാണിക്കുന്നതിനുവേണ്ടി അല്ലാഹു രണ്ട് ശക്തിപ്രഭാവങ്ങൾ കാണിക്കുന്നു. അതിനാൽ ഞാൻ നിങ്ങളോട് പറയുന്ന ഈ കാര്യത്തിൽ നിങ്ങൾ വിഷമിക്കരുത്. നിങ്ങളുടെ മനസ്സ് വെപ്രാളപ്പെടുകയുമരുത്. കാരണം രണ്ടാമത്തെ ശക്തിപ്രഭാവവും കാണേണ്ടത് നിങ്ങൾക്ക് നിർബന്ധമാണ്. അതു വരുന്നത് നിങ്ങൾക്ക് ഉത്തമമായിരിക്കും. കാരണം അത് അനശ്വരമാണ്. അതിന്റെ പരമ്പര പുനരുത്ഥാന നാൾവരെ മുറിഞ്ഞുപോവുകയില്ല.

ഈ ദൈവികമായ സുവിശേഷത്തിന്റെ ഫലമായി അഹ്മദിയ്യാ ഖിലാഫത്ത് രൂപീകൃതമായി. അതിന്റെ അഞ്ചാമത്തെ അനുഗൃഹീത കാലഘട്ടമാണ് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നത്. അതുമായി ബന്ധപ്പെട്ടിരിക്കുന്ന നിങ്ങൾ ഭാഗ്യവാന്മാരാണ്. എപ്പോഴും ഓർക്കുക. ഇപ്പോൾ ഖിലാഫത്ത് എന്ന അനുഗൃഹീത വ്യവസ്ഥിതിയുമായി കൂടിച്ചേർന്നിരിക്കുന്നതിലൂടെ മാത്രമാണ് നിങ്ങളുടെ ആത്മീയവും ഭൗതികവുമായ വിജയവും ക്ഷേമവും ഉണ്ടാകുന്നത്. ഇതുമുഖേന നിങ്ങൾ ഐക്യപ്പെട്ടിരിക്കും. നിങ്ങളുടെ പരസ്പരമുള്ള സ്നേഹം വർധിക്കും. നിങ്ങൾ ദീനീപരമായ സേവനത്തിനുള്ള തൗഫീഖ് പ്രാപിക്കുകയും ചെയ്യും. ഈ മതപരമായ നടപടികളിൽ ഭാഗഭാക്കാകാനും കഴിയും. ഖിലാഫത്ത് ലോകംമുഴുവനുമുള്ള ഇസ്‌ലാം പൊയ്ക്കൊണ്ടിരിക്കുന്നു. ഖിലാഫത്ത് യഥാർഥത്തിൽ അല്ലാഹുവിൽനിന്ന് പ്രദാനം ചെയ്യപ്പെട്ടിട്ടുള്ള ഒരു മഹത്തായ സമ്മാനമാണ്. ഖലീഫയെ അല്ലാഹു ഉണ്ടാക്കുകയും ഇരുവശത്തോട്ടുമുള്ള സ്നേഹം അവൻതന്നെ മനസ്സുകളിൽ ഇടുകയും ചെയ്യുന്നു. അന്യരാരെങ്കിലും കാണാൻ ആഗ്രഹിക്കുന്നെങ്കിൽ അവന് ഇത് മതിയായ തെളിവാണ്. ജുമുഅ ദിവസങ്ങളിൽ ഇവിടെ ലണ്ടനിൽ എന്റെ ഖുത്ബ നടന്നുകൊണ്ടിരിക്കുമ്പോൾ സർവ്വലോക അഹ്മദികൾ വളരെ തയ്യാറോടു കൂടി അവരവരുടെ നാടുകളിൽ ടിവിയുടെ മുമ്പിൽ ഇരിക്കുന്നു. എം.ടി.എ മുഖേന നേരിട്ട് ഖുത്ബ കേൾക്കുന്നു. പിന്നീട് വീടുകളിലും മസ്ജിദുകളിലും ഖുത്ബയെക്കുറിച്ചുള്ള ചർച്ചകളാണുണ്ടാകുന്നത്. ഇങ്ങനെ തങ്ങളുടെ ആത്മീയവും ഭൗതികവുമായ അഭിവൃദ്ധിക്കുള്ള സാഹചര്യമൊരുക്കുന്നു. ഇത് ഐക്യമാണ്. ഇസ്‌ലാം അതിന്റെ അനുയായികളിൽ ഉണ്ടാക്കാൻ ആഗ്രഹിക്കുന്ന ഐക്യം. ഈ ഉദ്ദേശ്യം അഹ്മദിയ്യാ ഖിലാഫത്തിന്റെ രൂപത്തിൽ നല്ലവണ്ണം പുലർന്നുകൊണ്ടിരിക്കുന്നു. ഖിലാഫത്ത് എന്നത് അല്ലാഹുവിൽനിന്നുള്ള ഒരു ഉപഹാരമാണെന്നത് സംശയമില്ലാത്ത കാര്യമാണ്. അതിനോടുള്ള നന്ദി, കാലത്തിന്റെ ഖലീഫയുടെ കാര്യങ്ങൾ കേൾക്കുകയും അനുസരിക്കുകയും ചെയ്യുക എന്ന വിചാരത്തോടെ പ്രവർത്തിക്കുക എന്നതാണ്. കാരണം ഒരു യാഥാർഥ്യമുണ്ട്. കാലത്തിന്റെ ഖലീഫയുടെ ദുആകൾ അനുസരണത്തിന്റെ ഉന്നതമായ നിലവാരത്തിൽ നിൽക്കുന്നവർക്കായി കൂടുതൽ സ്വീകരിക്കപ്പെടുന്നു. അതുകൊണ്ട് നിങ്ങൾക്കുള്ള എന്റെ ഉപദേശം ഇതാണ്. കാലത്തിന്റെ ഖലീഫയുടെ കാര്യങ്ങൾ കേട്ടുകൊണ്ട് അതിവേഗം അതനുസരിച്ച് പ്രവർത്തിക്കാൻ തുടങ്ങുക. അദ്ദേഹം നിങ്ങളുടെ നമസ്കാരങ്ങളിലുള്ള അലസത അകറ്റാൻ പറയുകയാണെങ്കിൽ മസ്ജിദുകൾ നിറയേണ്ടതാണ്. ഈ പരമ്പര ഒരിക്കലും മുറിഞ്ഞുപോകാത്തനിലയിൽ നമസ്കാരങ്ങളിൽ നിലകൊള്ളേണ്ടതാണ്. കാലത്തിന്റെ ഖലീഫയിൽനിന്ന് എന്തെങ്കിലും സാമ്പത്തികപദ്ധതി ഉണ്ടാകുകയാണെങ്കിൽ കഴിവിന്റെ പരമാവധി അതിൽ പങ്കുചേരുക. തബ്‌ലീഗിന്റെ പ്രവർത്തനങ്ങളിൽ യുക്തിയോടുകൂടി ഭാഗഭാക്കാകുക. എന്തെങ്കിലും പ്രയാസമുണ്ടെങ്കിൽ തന്റെ മുറബ്ബിയോടോ മുഅല്ലിമിനോടോ തങ്ങളുടെ ചുറ്റുവട്ടത്തുള്ള ഏതെങ്കിലും അറിവുള്ള ആളോടോ ചോദിക്കുക. നിങ്ങളുടെ വ്യക്തിഗതമായ അറിവും വർധിപ്പിക്കുക. ഇപ്രകാരം തങ്ങളുടെ വീടിന്റെ അന്തരീക്ഷവും മാതൃകാപരമാക്കുക. ജനങ്ങളുമായിട്ടുള്ള കാര്യങ്ങളിൽ ഉത്തമമായ മാതൃക കാണിക്കേണ്ടതാണ്. നിങ്ങളുടെ ചുറ്റുവട്ടത്തുള്ള അന്തരീക്ഷത്തിൽ ഏറ്റവും ഉത്തമമായ പ്രവർത്തനങ്ങൾ പ്രകടിപ്പിക്കേണ്ടതാണ്. ഇസ്‌ലാമിന്റേയും അഹ്മദിയ്യത്തിന്റേയും മനോഹരമമായ ചിത്രം ജനങ്ങളുടെ മുമ്പിൽ അവതരിപ്പിക്കുക. ഈ കാര്യങ്ങൾക്കുവേണ്ടിയാണ് അഹ്മദിയ്യത്ത് സ്ഥാപിതമായിട്ടുള്ളത്. ഈ കാര്യങ്ങളാണ് അഹ്മദിയ്യത്തിന്റെ ഖലീഫമാർ സന്ദർഭോചിതം നിങ്ങളുടെ ഓർമയിൽപെടുത്തിയിരിക്കുന്നത്. അതുകൊണ്ട് ഈ അനുഗ്രഹത്തിൽനിന്ന് പിന്തള്ളപ്പെട്ടിരിക്കുന്നവരോട് ഇതിനെകുറിച്ച് പറയുക. നിങ്ങൾതന്നെയും നിങ്ങളുടെ വീട്ടുകാരും ഒരു പദ്ധതിയും ഒരു ദുർബോധനവും ഒരു ഭൗതികമായ അത്യാഗ്രഹവും ഒരു ഭൗതികവാദിയുടെ ഭീഷണിയും കാലത്തിന്റെ ഖലീഫയുമായിട്ടുള്ള നിങ്ങളുടെ ബന്ധത്തിൽ സ്വാധീനം ചെലുത്താതിരിക്കാൻ വേണ്ടി ഖിലാഫത്തിന്റെ അനുഗൃഹീതവ്യവസ്ഥിതിയുമായി കൂടിച്ചേർന്നിരിക്കുക. അല്ലാഹു നിങ്ങൾക്ക് തൗഫീഖ് നല്കുമാറാകട്ടെ. ആമീൻ.

വസ്സലാം
വിനീതൻ
മിർസാ മസ്റൂർ അഹ്മദ്

خلیفۃ المسیح الخامس

**ഖലീഫത്തുൽ മസീഹ് അൽഖാമിസ്**

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press. Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin